2026 MAY 19

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 917 662 1122



## മാലാഖമാരുടെ അവകാശങ്ങൾക്കായി പോരാടുന്ന പ്രവാസി കരുത്ത്:

## വിൻസെന്റ് ഇമ്മാനുവൽ



## ഷാലു പുന്നൂസ്:

## സേവനവഴിയിലെ യുവത്വത്തിന്റെ കരുത്ത്



415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA


# മാലാഖമാരുടെ അവകാശങ്ങൾക്കായി പോരാടുന്ന പ്രവാസി കരുത്ത്: വിൻസെന്റ് ഇമ്മാനുവൽ

മീട്ടു റഹ്മത്ത് കലാം

കേരളത്തിലെയും അമേരിക്കയിലെയും നഴ്സിംഗ് മേഖലയിലെ വിപ്ലവകരമായ മാറ്റങ്ങൾക്കുപിന്നിൽ നിശബ്ദമായി പ്രവർത്തിച്ച ഒരു വ്യക്തിത്വമുണ്ട് ഫിലാഡൽഫിയയിലെ ഏഷ്യാനെറ്റ് ന്യൂസ് കോർഡിനേറ്ററും സാമൂഹിക പ്രവർത്തകനുമായ വിൻസെന്റ് ഇമ്മാനുവൽ. 1970-കളിൽ ഇന്ത്യൻ സിവിൽ സർവീസെന്ന സ്വപ്നവുമായി സെൻട്രൽ സെക്രട്ടറിയേറ്റിൽ ജോലി ആരംഭിച്ച അദ്ദേഹം, ജീവിത സാഹചര്യങ്ങൾക്കൊണ്ട് അമേരിക്കയിലേക്ക് കുടിയേറിയെങ്കിലും തന്റെ വേരുകൾ മറന്നില്ല.

നഴ്സിംഗ് പ്രവേശനത്തിന് നിലനിന്നിരുന്ന പൊക്കം, തൂക്കം, വിവാഹ സ്ഥിതി തുടങ്ങിയ വിവേചനപരമായ നിയമങ്ങൾക്കെതിരെ കോടതിയിൽ നിയമപോരാട്ടം നടത്തി വിജയിച്ച ചരിത്രമാണ് അദ്ദേഹത്തിന് പറയാനുള്ളത്.





നഴ്സുമാരുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ പിടിച്ചുവെക്കുന്ന ബോണ്ട് സമ്പ്രദായത്തിനെതിരെയും, അവർക്ക് അർഹമായ വേതനവും ആദരവും ലഭിക്കുന്നതിനും വേണ്ടി അദ്ദേഹം ഇന്നും സജീവമായി നിലകൊള്ളുന്നു. കേരളത്തിലെ നഴ്സുമാരുടെ സമരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചും ധനസഹായം നൽകിയും അദ്ദേഹം മാതൃകയാകുന്നു.

***സെൻട്രൽ സെക്രട്ടറിയേറ്റിലെ ജോലിയിൽ നിന്ന് അമേരിക്കയിലേക്കുള്ള മാറ്റത്തെക്കുറിച്ച് പറയാമോ?***

1972ൽ മാർ അത്തനേഷ്യസ് കോളേജിൽ ബി.എസ്.സിക്ക് പഠിക്കുമ്പോഴാണ് ഞാൻ യു.പി.എസ്.സി പരീക്ഷയെഴുതി സെൻട്രൽ സെക്രട്ടറിയേറ്റിൽ ജോലിയിൽ പ്രവേശിക്കുന്നത്. സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരിക എന്നുള്ള തീവ്രമായ ആഗ്രഹം കൊണ്ട് ഐ.എ.എസ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പ് നടത്തിയിരുന്നു. ഇതിനിടയിലാണ് കോതമംഗലം എന്ന സ്വന്തം നാട്ടിൽ നിന്നുതന്നെ ബ്രിജിറ്റിനെ ജീവിതസഖിയായി ഒപ്പം കൂട്ടുന്നത്. രണ്ടുപേരും ഒരേ സ്ഥലത്ത് തുടരണമെന്ന തീരുമാനം നിമിത്തമാണ് ഭാര്യയ്ക്ക് പിന്നാലെ ഞാനും അമേരിക്കയിലേക്ക് കുടിയേറുന്നത്. ഇവിടെ 'സെവൻ ഇലവൻ' പോലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്ത ശേഷമാണ് ബിസിനസിലേക്ക് തിരിഞ്ഞത്. ഒപ്പം നാട്ടിൽ നിന്നുള്ള ഒട്ടേറെ നഴ്സിംഗ് ഉദ്യോഗാർത്ഥികളെ അമേരിക്കയിലെത്താൻ സഹായിക്കുകയും ചെയ്തു.

നഴ്സിംഗ് പ്രവേശനത്തിലെ വിവേചനങ്ങൾക്കെതിരെ നടത്തിയ നിയമപോരാട്ടത്തെക്കുറിച്ച് വിവരിക്കാമോ?

പണ്ട് നഴ്സിംഗിന് ചേരണമെങ്കിൽ ഇത്ര പൊക്കം വേണം, ഇത്ര തൂക്കം വേണം, അവിവാഹിതരായിരിക്കണം എന്നിങ്ങനെയുള്ള കടുത്ത വിവേചനങ്ങൾ നിലനിന്നിരുന്നു. ഈ വിചിത്ര നിയമങ്ങൾ കാരണം അവസരം നിഷേധിക്കപ്പെട്ട ഒരു പെൺകുട്ടിക്കായി ഞങ്ങൾ കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. വക്കീലും സിനിമാ നിർമ്മാതാവുമായ സുരേഷ് ഉണ്ണികൃഷ്ണൻ മുഖേനയാണ് അന്ന് കോടതിയെ സമീപിച്ചത്. നഴ്സിംഗ് പ്രവേശനത്തിന് പ്ലസ് ടു യോഗ്യതയും ശാരീരികക്ഷമതയും മാത്രം മതി എന്ന ചരിത്രപരമായ വിധി കോടതി പുറപ്പെടുവിച്ചത് ആ പോരാട്ടത്തിലൂടെയാണ്.

***നഴ്സുമാരുടെ സർട്ടിഫിക്കറ്റും ബോണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്?***

നഴ്സിംഗ് വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ പിടിച്ചുവെക്കുന്നതിനെതിരെയും ഞങ്ങൾ ശക്തമായി പോരാടിയിട്ടുണ്ട്. ഡോക്ടർമാർക്കോ മറ്റേതെങ്കിലും പ്രൊഫഷണലുകൾക്കോ ഇല്ലാത്ത ഇത്തരമൊരു രീതി നഴ്സുമാർക്ക് മാത്രം ബാധകമാക്കുന്നതിലെ അനീതി ഞങ്ങൾ കോടതിയിൽ ചോദ്യം ചെയ്തു. ഏഷ്യാനെറ്റിലെ അനിൽ അടൂർ, ഫ്ലവർസിലെ (24 ന്യൂസ്) പി.പി.ജെയിംസ് എന്നിവർ വഴിയാണ് നഴ്സുമാരുടെ കുറഞ്ഞ വേതനം മലയാളികളുടെ ശ്രദ്ധയിൽപ്പെടുന്നത്. നഴ്സിംഗ് രംഗത്തേക്ക് പുരുഷന്മാർകൂടി കടന്നുവന്നപ്പോഴാണ് അവകാശങ്ങൾ തുറന്നുചോദിക്കാൻ തന്റേടമായത്. അതുവരെയും പാവം പെണ്ണുങ്ങളുടെ സ്വരം പുറത്തുകേൾക്കാതെ അടിച്ചമർത്തിയവരിൽ പല ആശുപത്രിയുടെയും തലപ്പത്തുള്ള മതനേതാക്കൾ വരെയുണ്ട്. ഉഷാ കൃഷ്ണകുമാർ, ജാസ്മിൻ ഷാ എന്നിവരുടെ നേതൃത്വത്തിൽ പല ഗ്രൂപ്പുകളായി നടത്തിയ ഈ പോരാട്ടങ്ങൾ വഴി സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനും ബോണ്ട് സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനും സാധിച്ചു. സേവനം, ശുശ്രൂഷ

എന്നുള്ള വാക്കുകൾ കേൾക്കാൻ രസമാണ്. എന്നാൽ, നാൾക്കുനാൾ സാധനങ്ങളുടെ വില കൂടുന്ന കേരളത്തിൽ ജീവിക്കുമ്പോൾ ശമ്പള പരിഷ്കരണം കൂടിയേ തീരൂ. വൈദ്യുതി ബിൽ അടയ്ക്കാൻ പോലും ശമ്പളം തികയാത്തവരുണ്ട്. കരാർ അടിസ്ഥാനത്തിൽ ജോലിനൽകിക്കൊണ്ട് അടിസ്ഥാന ആനുകൂല്യങ്ങൾ നൽകാത്ത മാനേജ്മെന്റുകളുമുണ്ട്. സമരം ചെയ്യാത്തവരെ തിരിഞ്ഞുനോക്കാത്ത പ്രവണതയാണ് കേരളത്തിലുള്ളത്. കരയുന്ന കുട്ടിക്കേ പാലുള്ളൂ എന്ന് പറയുന്നതുപോലെയാണ് സാഹചര്യം.

***സമൂഹ മാധ്യമങ്ങളിൽ നിന്നുള്ള സ്വാധീനം?***

സമൂഹ മാധ്യമങ്ങളിൽ നിന്നുള്ള പിന്തുണയും വളരെ വലുതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നഴ്സുമാർക്ക് ഐക്യദാർഢ്യം അറിയിച്ചും ധനസഹായം നൽകിയും ഒട്ടേറെ ആളുകൾ മുന്നോട്ടുവരുന്നത് സോഷ്യൽ മീഡിയയുടെ ഇമ്പാക്റ്റാണ്. ഒന്നും ഒതുക്കിത്തീർക്കാതെ അതാത് സമയങ്ങളിൽ സത്യമായ വാർത്തകൾ പരക്കുന്നത് നല്ലതാണ്. സമരം നടത്തുന്നവരുടെ ഉദ്ദേശശുദ്ധി മനസ്സിലാക്കിക്കൊണ്ട് ഫൊക്കാന നേതാവ് ഫിലിപ്പോസ് ഫിലിപ്പ്, പമ്പ എന്ന സംഘടനയുടെ നേതാവ് ജോയ് തട്ടാർകുന്നേൽ തുടങ്ങിയവരും ഇത്തരം സാമ്പത്തിക ലക്ഷ്യങ്ങൾക്കായി ധനസഹായം നൽകുകയും ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തത് വലിയ കാര്യമാണ്.

***കേരളത്തിലെ നഴ്സുമാരുടെ നിലവിലെ സമരത്തോട് 'പിയാനോ' (PIANO) എങ്ങനെയെല്ലാമാണ് സഹകരിക്കുന്നത്?***

പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നഴ്സസ് ഓർഗനൈസേഷന്റെ *(PIANO)* സ്ഥാപക പ്രസിഡന്റ് കൂടിയായ ഭാര്യ ബ്രിജിത്ത് വിൻസെന്റ് വഴി കേരളത്തിലെ നഴ്സുമാരുടെ അവകാശങ്ങൾക്കായി ഞങ്ങൾ ഇപ്പോഴും നിലകൊള്ളുന്നു. നിലവിൽ കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ *(UNA)* നടത്തുന്ന സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ബ്രിജിറ്റ് ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, സമരത്തിൽ ഏർപ്പെട്ടതുമുതൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്ന 19 നഴ്സുമാർക്ക് നേരിട്ട് പണം അയച്ചുകൊടുക്കാനും സാധിച്ചു. നഴ്സുമാരോടുള്ള മാനേജ്മെന്റുകളുടെ അവഗണന അവസാനിപ്പിക്കണമെന്നതാണ് ഞങ്ങളുടെ നിലപാട്.

***വേതനം ഉയർത്തുക എന്നതാണോ നഴ്സുമാരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം?***

അതുകൊണ്ട് മാത്രം ആയില്ല. അർഹിക്കുന്ന ആദരവും അംഗീകാരവും നഴ്സുമാർക്ക് കിട്ടണം. അമേരിക്കയിലായാൽ പോലും നഴ്സുമാരുടെ ജോലി അതികഠിനമാണ്. എന്നാൽ, മാന്യമായ വേതനത്തോടൊപ്പം അവർക്ക് അംഗീകാരവും ആദരവും ലഭിക്കുന്നുണ്ട്. മലയാളി നഴ്സുമാരുടെ സംഭാവനകൊണ്ടാണ് ഇവിടെ പല പള്ളികളും പണിതിട്ടുള്ളത്. രാഷ്ട്രീയ മുഖ്യധാരയിലേക്ക് കടന്നുവരുന്ന തരത്തിൽ പോലും ഇവിടുള്ള നഴ്സുമാർ വളർന്നിട്ടുണ്ട്.

***ഇത്രയും കാലത്തെ സാമൂഹിക പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?***

നമ്മൾ ചെയ്യുന്ന ഓരോ പ്രവർത്തിക്കും ഈ പ്രപഞ്ചത്തിൽ ഒരു പ്രതിഫലമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ കർമ്മഫലത്തിന്റെ പ്രതിഫലനം മക്കളുടെ ജീവിതത്തിലുണ്ടെന്ന് കരുതുന്നു. ഭാര്യ ബ്രിജിത്ത് വിൻസെന്റിനെ പെൻസിൽവാനിയയിലെ സ്റ്റേറ്റ് നഴ്സിംഗ് ബോർഡിലേക്ക് ഗവർണർ ടോം വുൾഫ് നിയമിച്ചിരുന്നു (കേരളത്തിലെ പി.എസ്.സി മെമ്പർക്ക് സമാനമായ പദവി). നഴ്സിംഗ് മേഖലയെ നിയന്ത്രിക്കുകയും നഴ്സിംഗ് സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുന്ന ബോർഡാണിത്.

മക്കളായ ഡോ. ലിസ (ഗെയ്സിംഗർ മെഡിക്കൽ കോളേജ് അസോസിയേറ്റ് ഡീൻ), ടിഷ (പ്രോഡക്റ്റ് മാനേജർ), ജാസ്മിൻ (ഡോക്ടർ) എന്നിവരും അതത് മേഖലകളിൽ വിജയം കൈവരിച്ച് സ്വസ്ഥമായ കുടുംബജീവിതം നയിക്കുന്നു. ഈ രാജ്യത്തിനോടും സമൂഹത്തോടും നന്ദിയുള്ളവനായി ജീവിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

**ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നഴ്സുമാർക്ക് ഐക്യദാർഢ്യം അറിയിച്ചും ധനസഹായം നൽകിയും ഒട്ടേറെ ആളുകൾ മുന്നോട്ടുവരുന്നത് സോഷ്യൽ മീഡിയയുടെ ഇമ്പാക്റ്റാണ്. ഒന്നും ഒതുക്കിത്തീർക്കാതെ അതാത് സമയങ്ങളിൽ സത്യമായ വാർത്തകൾ പരക്കുന്നത് നല്ലതാണ്.**

# ഷാലു പുന്നൂസ്: സേവനവഴിയിലെ യുവത്വത്തിന്റെ കരുത്ത്



അമേരിക്കൻ മലയാളി സമൂഹത്തിലെ ഊർജ്ജസ്വലനായ യുവനേതാവ്, സംഘാടകൻ, മനുഷ്യസ്നേഹി എന്നീ നിലകളിൽ ശ്രദ്ധേയനാണ് ഷാലു പുന്നൂസ്. ഫോമായുടെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ സംഘടനയെ സാധാരണക്കാരിലേക്കും യുവാക്കളിലേക്കും എത്തിക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചു. എന്നാൽ ഈ പൊതുപ്രവർത്തനങ്ങൾക്കപ്പുറം, പ്രതിസന്ധി ഘട്ടങ്ങളിൽ പതറാതെ ജീവൻ രക്ഷിക്കാൻ ഓടിയെത്തുന്ന ഒരു നഴ്സ് കൂടിയാണ് അദ്ദേഹം. അന്താരാഷ്ട്ര നഴ്സിംഗ് വാരം ആഘോഷിക്കുന്ന ഈ വേളയിൽ, ഫിലാഡൽഫിയയിലെ തന്റെ പ്രൊഫഷണൽ ജീവിതത്തെക്കുറിച്ചും ഫോമായിലെ പ്രവർത്തനങ്ങളെക്കുറിച്ചും ഷാലു പുന്നൂസ് സംസാരിക്കുന്നു...

**കോൺഗ്രസിനുള്ളിലും സതീശൻ ചില ശക്തമായ തീരുമാനങ്ങൾ എടുത്തിരുന്നു. സ്ത്രീ പീഡനക്കേസിൽപ്പെട്ട രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടിയിൽ നിന്ന് പുറത്താക്കാനുള്ള തീരുമാനത്തിൽ അദ്ദേഹം പൂർണമായും ഉറച്ചുനിന്നു. ഇതിനൊപ്പം പി.വി അൻവർ വിഷയത്തിലും സൈബർ ഇടങ്ങളിൽ വലിയ വിമർശനങ്ങൾ ഉയർന്നപ്പോഴും സതീശൻ പിന്നോട്ട് പോയില്ല. അദ്ദേഹം എടുത്ത ഇത്തരം വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കോൺഗ്രസ് അണികളിൽ വലിയ ആവേശം ഉണ്ടാക്കി. ആ തീരുമാനങ്ങൾ അന്തിമമായി ശരിയായിരുന്നുവെന്നാണ് ജനവിധി തെളിയിക്കുന്നത്.**



***നഴ്സിംഗ് വാരം ആഘോഷിക്കുന്ന ഈ വേളയിൽ, അങ്ങയുടെ നഴ്സിംഗ് കരിയറിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? എങ്ങനെയായിരുന്നു തുടക്കം?***

നഴ്സിംഗ് എന്നത് എനിക്ക് കേവലം ഒരു ജോലിയല്ല, മറിച്ച് ഒരു സമർപ്പണമാണ്. ബാംഗ്ലൂരിലായിരുന്നു എന്റെ പഠനം. പഠനശേഷം നഴ്സിംഗ് അധ്യാപകനായും വൈസ് പ്രിൻസിപ്പലായും പ്രവർത്തിച്ചു. പിന്നീട് 2009-ലാണ് അമേരിക്കയിലേക്ക് വരുന്നത്. ആദ്യം കണക്ടിക്കട്ടിലെ ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു. ന്യൂയോർക്ക് ബോർഡറിൽ ജോലി ചെയ്ത ശേഷം പിന്നീട് ഫിലാഡൽഫിയയിലേക്ക് താമസം മാറി. കഴിഞ്ഞ 13 വർഷമായി ഇവിടുത്തെ കറക്ഷൻ സെന്ററിൽ (ജയിലിൽ) നഴ്സായി ജോലി ചെയ്യുകയാണ്.

***ഒരു കറക്ഷൻ സെന്ററിലെ നഴ്സിംഗ് അനുഭവം സാധാരണ ആശുപത്രികളിൽ നിന്നും എത്രത്തോളം വ്യത്യസ്തമാണ്? അവിടെ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?***

ഇത് വളരെ വ്യത്യസ്തമായ ഒരു ലോകമാണ്. നമ്മൾ ടിവിയിൽ കാണുന്ന കുറ്റവാളികളോ കൊലപാതകികളോ ഒക്കെയാണ് നമ്മുടെ മുന്നിൽ വരുന്നത്. മെഡിക്കൽ ഇൻടേക്ക് പൂർത്തിയാക്കാതെ ആരെയും അകത്തേക്ക് പ്രവേശിപ്പിക്കില്ല. കടുത്ത സുരക്ഷാ പരിശോധനകൾക്ക് ശേഷമാണ് ഞങ്ങൾ ഡ്യൂട്ടിക്ക് കയറുന്നത്. അവിടെ ഏറ്റവും വലിയ വെല്ലുവിളി അന്തേവാസികൾ തമ്മിലുള്ള സംഘർഷങ്ങളാണ്. ഒരിക്കൽ സാരമായി പരിക്കേറ്റ ഒരു അന്തേവാസിയെ അടിയന്തിരമായി രക്ഷപ്പെടുത്തിയതിന്, കറക്ഷണൽ നഴ്സസ് വീക്കിൽ ജയിലിന്റെ വെബ്സൈറ്റിൽ ഞാനുൾപ്പെടെ നാല് നഴ്സുമാരുടെ ചിത്രം നൽകി ആദരിച്ചിരുന്നു. വെല്ലുവിളികൾ ഉണ്ടെങ്കിലും അവർക്ക് മെഡിക്കൽ സഹായം നൽകുന്നത് വലിയൊരു ഉത്തരവാദിത്തമാണ്.

***സാമൂഹിക-രാഷ്ട്രീയ പ്രവർത്തനങ്ങളുടെ തുടക്കം?***

ചങ്ങനാശ്ശേരി ബ്ലോക്ക് യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റായിരുന്നു. സ്റ്റേറ്റ് തലത്തിലുമുള്ള തെരഞ്ഞെടുപ്പുകളിൽ വിജയിച്ചിട്ടുണ്ട്. നാട്ടിലെ പ്രവർത്തനങ്ങളാണ് ആളുകളെ ഒന്നിപ്പിക്കാനും നേതൃത്വഗുണങ്ങൾ വളർത്താനുമെനിക്ക് പ്രചോദനമായത്.

***ഫോമായുടെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു. യുവാക്കളെ സംഘടനയിലേക്ക് ആകർഷിക്കാൻ താങ്കൾ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു?***

ഫോമാ എന്നത് മുതിർന്നവരുടെ മാത്രം സംഘടനയാണെന്ന ഒരു ധാരണ പലർക്കും ഉണ്ടായിരുന്നു. അത് മാറ്റിയെടുക്കുക എന്നതായിരുന്നു എന്റെ പ്രധാന ലക്ഷ്യം. എന്നെപ്പോലെ ഒരു സാധാരണക്കാരന് സംഘടനയുടെ തലപ്പത്ത് വരാൻ സാധിക്കുമെന്ന് തെളിയിച്ചതോടെ നിരവധി യുവാക്കൾ മുന്നോട്ട് വന്നു. സ്പോർട്സ് പോലുള്ള മേഖലകളിലൂടെ യുവജനങ്ങളെ കൂട്ടിക്കൊണ്ടുവരാനും ശ്രമിക്കുന്നുണ്ട്. അലിയാർ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് പോലുള്ള പരിപാടികൾ അതിന്റെ ഭാഗമാണ്.മാപ്പിൽ (ഞഅജ) പ്രസിഡന്റായിരുന്നപ്പോൾ 350 അംഗങ്ങളെ 720 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. പല യുവാക്കൾക്കും പരമ്പരാഗത സംഘടനകളിൽ ചേരാൻ താല്പര്യമില്ലെന്ന് തിരിച്ചറിഞ്ഞാണ് 'ബഡി ബോയ്സ്' ആരംഭിച്ചത്. ആദ്യം

**ജോലിക്ക് പുറമെ സ്വന്തമായി ഹോം കെയർ, അഡൽറ്റ് ഡേ കെയർ എന്നിവയുണ്ട്. കൂടാതെ റിയൽ എസ്റ്റേറ്റ് ലൈസൻസും ഒരു റെസ്റ്റോറന്റുമുണ്ട്. അമേരിക്കയിലെ പട്ടേൽ സമുദായത്തെപ്പോലെ മലയാളികളും ബിസിനസ്സ് രംഗത്ത് പരസ്പരം സഹായിച്ച് വളരണമെന്നാണ് എന്റെ ആഗ്രഹം.**

ഒരു വാട്സ്ആപ്പ് ഗ്രൂപ്പായിരുന്നു. ഇന്ന് നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നു. മജീഷ്യൻ മുതുകാടിന്റെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി 20 ലക്ഷം രൂപ സമാഹരിച്ചു. ലിവർ ട്രാൻസ്പ്ലാന്റ് കഴിഞ്ഞ് ബുദ്ധിമുട്ടിലായിരുന്ന ഒരാളുടെ വീട്ടിൽ ഹീറ്റിംഗ് സംവിധാനം ഒരുക്കി. ജാതി, മതം, പാർട്ടി ഭേദമില്ലാതെ സഹായിക്കുകയാണ് ലക്ഷ്യം.

***കോവിഡ് കാലത്ത് മാപ്പിന്റെയും താങ്കളുടെയും നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഇന്നും മാതൃകയായി പറയപ്പെടുന്നു. അക്കാലത്തെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?***

എല്ലാവരും ഭയപ്പെട്ട് വീടിനുള്ളിൽ ഇരുന്നപ്പോൾ, നഴ്സ് ആയതുകൊണ്ടുകൂടിയാകാം എനിക്ക് പുറത്തിറങ്ങാൻ ഭയമുണ്ടായിരുന്നില്ല. പത്തോളം സുഹൃത്തുക്കളെ കൂട്ടി ഞങ്ങൾ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഭക്ഷണവും അവശ്യസാധനങ്ങളും വീടുകളിൽ എത്തിച്ചു. മാപ്പിന്റെ ബിൽഡിംഗിൽ വാക്സിനേഷൻ ക്യാമ്പുകൾ നടത്തി. മനുഷ്യർക്ക് നന്മ ചെയ്യാൻ ഇറങ്ങിത്തിരിച്ചാൽ ദൈവം കൂടെയുണ്ടാകുമെന്നത് അത്തരം അവസരങ്ങളിൽ കൂടുതൽ ബോധ്യപ്പെടും.

***നഴ്സിംഗിനൊപ്പം തന്നെ ബിസിനസ്സ് രംഗത്തും താങ്കൾ സജീവമാണല്ലോ? എങ്ങനെയാണ് ഇതെല്ലാം ഒന്നിച്ച് കൊണ്ടുപോകുന്നത്?***

അതെ, ജോലിക്ക് പുറമെ സ്വന്തമായി ഹോം കെയർ, അഡൽറ്റ് ഡേ കെയർ എന്നിവയുണ്ട്. കൂടാതെ റിയൽ എസ്റ്റേറ്റ് ലൈസൻസും ഒരു റെസ്റ്റോറന്റുമുണ്ട്. അമേരിക്കയിലെ പട്ടേൽ സമുദായത്തെപ്പോലെ മലയാളികളും ബിസിനസ്സ് രംഗത്ത് പരസ്പരം സഹായിച്ച് വളരണമെന്നാണ് എന്റെ ആഗ്രഹം. നമ്മുടെ സമൂഹത്തിന് ഉന്നതിയുണ്ടാകാൻ സംഘടനകൾക്ക് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കും.




***തിരക്കേറിയ പൊതുപ്രവർത്തനങ്ങൾക്കും ജോലിക്കുമിടയിൽ കുടുംബത്തിന് എത്രത്തോളം സമയം നൽകാൻ കഴിയുന്നുണ്ട്?***

കുടുംബം നൽകുന്ന പിന്തുണയാണ് എന്റെ വലിയ ശക്തി. ഭാര്യ സംഗീതയും നാല് മക്കളും (മിറിയം, ഇമ്മാനുവൽ, ഗബ്രിയേൽ, ജേക്കബ്) അടങ്ങുന്നതാണ് എന്റെ ലോകം. വൈകുന്നേരങ്ങളിലും വാരാന്ത്യങ്ങളിലും ഞാൻ കഴിവതും വീട്ടിലുണ്ടാകും. ഞങ്ങൾ ഒരുമിച്ച് ബാർബിക്യൂ വെച്ചും പുറത്തുപോയും സമയം ചെലവഴിക്കും. സുഹൃത്തുക്കളെപ്പോലെയാണ് ഞങ്ങൾ കഴിയുന്നത്. പള്ളിയിലെ ട്രസ്റ്റി എന്ന നിലയിലുള്ള ചുമതലകളും സന്തോഷത്തോടെ നിർവ്വഹിക്കുന്നു.

***നഴ്സിംഗ് ദിനത്തിൽ സഹപ്രവർത്തകരോടും വരുംതലമുറയിലെ നഴ്സുമാരോടും എന്താണ് പറയാനുള്ളത്?***

നഴ്സിംഗ് എന്നത് വലിയ അവസരങ്ങളുള്ള മേഖലയാണ്. പ്രത്യേകിച്ച് പുതുതായി വരുന്ന വിദ്യാർത്ഥികൾക്ക് കൃത്യമായ ഗൈഡൻസ് നൽകാൻ പഴയ തലമുറയ്ക്ക് കടമയുണ്ട്. ഫോമാ പോലുള്ള സംഘടനകൾക്ക് ഇത്തരം വിദ്യാർത്ഥികളെ സഹായിക്കാൻ സാധിക്കും. സേവനമനോഭാവത്തോടെ ഈ മേഖലയെ കാണുന്നവർക്ക് എന്നും ശോഭിക്കാൻ കഴിയും.





## ABEL'S GARDEN PVT LTD

**Karimannoor P.O. Thodupuzha, Idukki,**
**Kerala, India PIN. 685581**
**Email/ Phone : hello@abelsgarden.in**
**Tel:+917034413000, +917034643000, +919778050077**

# ജോസഫ് ചാണ്ടിയുടെ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് : ധനസഹായം നൽകിയത് 15.5 കോടിയിലധികം രൂപ



**പി പി ചെറിയാൻ**

കോട്ടയം/ഡാളസ് : ദരിദ്ര കുടുംബങ്ങൾക്ക് ജാതി-മത ഭേദമന്യേ തണലായി വർത്തിക്കുന്ന കോട്ടയം ആസ്ഥാനമായുള്ള ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് (IJCT) 30 വർഷത്തെ കാരുണ്യ സേവനം പൂർത്തിയാക്കി. യു എസ്സിലെ ഡാളസ് നിവാസിയായ മിസ്റ്റർ ജോസഫ് ചാണ്ടിയുടെ (മാനേജിംഗ് ട്രസ്റ്റി) നേതൃത്വത്തിൽ, അദ്ദേഹത്തിന്റെ സ്വന്തം സമ്പാദ്യത്തിൽ നിന്നാണ് ഈ ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള ഭൂരിഭാഗം ഫണ്ടും കണ്ടെത്തുന്നത്. ഇതുവരെ ഇന്ത്യയൊട്ടാകെ 15,53,64,100 രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ട്രസ്റ്റ് നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലാണ് ട്രസ്റ്റ് ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ളത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടെ 3,72,300 സ്കൂൾ വിദ്യാർത്ഥികൾക്കും 30,510 കോളേജ് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. നിലവിൽ പ്രതിവർഷം 15,500 സ്കൂൾ വിദ്യാർത്ഥികൾക്കും 2,100 കോളേജ് വിദ്യാർത്ഥികൾക്കും സാമ്പത്തിക സഹായം നൽകിവരുന്നു.



2025-26 സാമ്പത്തിക വർഷത്തിൽ മാത്രം ട്രസ്റ്റ് 87,34,100

രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി. വിവിധ മേഖലകളിലെ വിഹിതം താഴെ പറയുന്നപ്രകാരമാണ്:

▶ 34,33,600, ഭവന നിർമ്മാണ സഹായം: ▶ 34,20,000 (കരുണ്യ സ്പർശം പദ്ധതിയിലൂടെ 280 ബി.പി.എൽ കുടുംബങ്ങൾക്ക് സഹായം നൽകി),ഭിന്നശേഷിക്കാർക്കും എൻ.ജി.ഓകൾക്കുമുള്ള സഹായം: ▶ 5,07,000,അനാഥാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും: ▶ 4,00,000,സ്ത്രീ ശാക്തീകരണ പരിപാടികൾ: ▶ 3,00,000,പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുക്കൽ: ▶ 3,12,000 (വർഷം തോറും ▶ 12,000 വീതം ഏകദേശം 40 കുടുംബങ്ങൾക്ക് നൽകുന്നു)

▶ 1,89,500 (30 പേർക്ക് കണ്ണ് ശസ്ത്രക്രിയയ്ക്കും വീൽ ചെയർ വിതരണത്തിനും സഹായം നൽകി),വിദ്യാഭ്യാസ സ്ഥാപനങ്ങൾ: ▶ 1,00,000,സ്വയംതൊഴിൽ പദ്ധതികൾ: ▶ 57,000,ഭക്ഷണവും സാമഗ്രികളും: ▶ 15,000





കൂടാതെ, മികച്ച സാമൂഹിക പ്രവർത്തകരെ ആദരിക്കുന്നതിനായി 2024 മുതൽ 'മദർ തെരേസ ജീവകാരുണ്യ സേവ അവാർഡ്' ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓൾ ഇന്ത്യ കോ-ഓർഡിനേറ്റർ പ്രൊഫ. ഡോ. എ.കെ. ജനാർദ്ദനൻ, സെക്രട്ടറി മിസ്റ്റർ ജെയിംസ് ജോസഫ് എന്നിവരും വിവിധ ജില്ലകളിലെ സാമൂഹിക പ്രവർത്തകരും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.



# ചിക്കാഗോ സെന്റ് മേരീസിൽ ലാൻസ് ലൂക്കോസിനും റോയി ചേലമലയ്ക്കും അനുമോദനം



തന്റെ കലാസൃഷ്ടിക്ക് സംസ്ഥാന ദേശിയ അവാർഡ് നേടിയ ലാൻസ് ലൂക്കോസിനെയും ഹെൽത്ത്കെയർ അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് നേടിയ റോയി ചേലമലയിലിനെയും മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ അനുമോദിച്ചു.

' എ ബനാന റിപ്പബ്ലിക് ' എന്ന തന്റെ ഒറിജിനൽ എഡിറ്റോറിയൽ കാർട്ടൂണിനാണ് ലാൻസ് ഇല്ലിനോയിസ് സംസ്ഥാനത്തും അമേരിക്കൻ ദേശിയ തലത്തിലും അവാർഡ് നേടിയത്. മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവക അംഗങ്ങളായ ലൈജു, അനിറ്റ് ദമ്പതികളുടെ പുത്രനായ ലാൻസ് മെയിൻ ഈസ്റ്റ് ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്.

ഷിക്കാഗോയിലെ യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് മെഡിക്കൽ സെന്ററിൽ റെസ്പിറേറ്ററി, ഹൈപ്പർബോരിക് തെറാപ്പി വിഭാഗങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ആയ ജോസഫ് റോയി(റോയി ചേലമലയിൽ), ഡോക്ടറേറ്റ് നേടുന്ന ഇല്ലിനോയിസ് സംസ്ഥാനത്തെ ആദ്യ മലയാളി റെസ്പിറേറ്ററി തെറാപ്പിസ്റ്റ് ആണ്. നിലവിൽ

സെന്റ് മേരീസ് ക്നാനാ യ ഇടവകയുടെ പി.ആർ. ഓ. ആയി സേവനം അനു ഷ്ഠിക്കുന്നു.

മെയ് 10 ഞായറാഴ്ച 10 മണിക്ക് വിശുദ്ധ കുർബാ നക്കുശേഷം നടന്ന ചട ങ്ങിൽ വികാരി ഫാ. സിജു മുടക്കോടിൽ ലാൻസിനും റോയിക്കും ഇടവകയുടെ അനുമോദനം അറിയിക്കു കയും മൊമെന്റോ നൽകി ആദരിക്കുകയും ചെയ്തു.

അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, ഇടവ കയുടെ കൈക്കാരന്മാരാ യ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കു ന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും തദ വസരത്തിൽ സന്നിഹിത രായിരുന്നു.






TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഡോ. ഏഴംകുളം സാംകുട്ടി അനുസ്മരണ സമ്മേളനം ഡാളസിൽ സംഘടിപ്പിച്ചു

**സാം മാത്യു, ഡാളസ്**



ഡാളസ്: സാഹിത്യരംഗത്തും ആത്മീയ ശുശ്രൂഷാരംഗത്തും ഒരുപോലെ സജീവ സാന്നിധ്യമായിരുന്ന പരേതനായ ഡോ. ഏഴംകുളം സാംകുട്ടിയുടെ സ്മരണാർത്ഥം കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ വിപുലമായ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. മെയ് 17 ഞായറാഴ്ച പ്രാദേശിക സമയം വൈകുന്നേരം 6:00 മണിക്ക് മൗണ്ട് സിനായ് ചർച്ച് ഓഫ് ഗോഡ് ആരാധനാലയത്തിൽ വെച്ചായിരുന്നു പ്രത്യേക യോഗം നടന്നത്. ചടങ്ങിൽ ചാപ്റ്റർ പ്രസിഡന്റ് ഷാജി മണിയാറ്റ് അധ്യക്ഷത വഹിച്ചു.

കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം (കെ.പി.ഡബ്ല്യു.എഫ്) ഡാളസ് ചാപ്റ്ററിന്റെ 2011-ൽ നടന്ന പ്രാരംഭ യോഗത്തിൽ അധ്യക്ഷൻ ഷാജി മണിയാറ്റ് ഡോ. ഏഴംകുളം സാംകുട്ടിയെ കുറിച്ചുള്ള സുപ്രധാന ഓർമ്മകൾ തന്റെ ആമുഖ സന്ദേശത്തിൽ വൈകാരികമായി അനുസ്മരിച്ചു. തുടർന്ന് ചാപ്റ്റർ സെക്രട്ടറി എസ്.പി. ജെയിംസ് യോഗത്തിൽ സ്വാഗതം ആശംസിച്ചു. ഡാളസിലെ വിവിധ ക്രൈസ്തവ സഭകളോടും ഇവിടുത്തെ എഴുത്തുകാരോടും ഡോ. സാംകുട്ടിക്കുണ്ടായിരുന്ന ആഴമേറിയതും ഹൃദ്യവുമായ ഇഴയടുപ്പത്തെക്കുറിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

ഡോ. ഏഴംകുളം സാംകുട്ടിയുടെ മാതൃകാപരമായ വ്യക്തിജീവിതത്തെയും, സാഹിത്യ-സുവിശേഷ മേഖലകളിൽ അദ്ദേഹം നൽകിയ വിലമതിക്കാനാവാത്ത സംഭാവനകളെയും കുറിച്ചുള്ള ഹൃദയസ്പർശിയായ ഓർമ്മകളും ചിന്തകളും ചടങ്ങിൽ പങ്കെടുത്തവർ പങ്കുവെച്ചു. പാസ്റ്റർമാരായ ഡോ. തോമസ് ഇടിക്കുള, ബെൻസൺ ഏബ്രഹാം, ഡോ. തോമസ് മുല്ലക്കൽ, ജോൺസൺ സഖറിയ, ഏബ്രഹാം തോമസ് എന്നിവരും, മാധ്യമ പ്രവർത്തകരായ പി.പി. ചെറിയാൻ (ഡി - മലയാളി), സിജു വി. ജോർജ്ജ്

(കേരള ലിറ്ററി സൊസൈറ്റി), വെസ്ലി മാത്യു (ഗുഡ്ന്യൂസ്) എന്നിവരും യോഗത്തിൽ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി.



മാധ്യമ പ്രതിനിധികളായ പ്രസാദ് തീയാടിക്കൽ, തോമസ് ചെള്ളേത്ത് (ഡാളസ് സിറ്റി വൈഡ് ട്രഷറർ), തുടങ്ങി സാമൂഹിക-സാംസ്കാരിക-മാധ്യമ രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി പ്രമുഖ വ്യക്തിത്വങ്ങളും ചടങ്ങിൽ സംബന്ധിച്ച് പരേതന് ആദരവ് അർപ്പിച്ചു.


1983 ൽ പ്രസിദ്ധീകരിച്ച പാളം തെറ്റിയ തീവണ്ടി എന്ന ചരിത്ര നോവലിലൂടെ മലങ്കരയിലെ പെന്തക്കോസ്തു മുന്നേറ്റത്തിന്റെ കഥ പറഞ്ഞ് മലയാള സാഹിത്യത്തിൽ സ്വന്തമായൊരു ഇടം കണ്ടെത്തിയ അനുഗ്രഹീത സാഹിത്യകാരനും, പ്രഭാഷകനും ആയിരിക്കുക വഴി നിരവധി എഴുത്തുകാർക്കും, യുവജന പ്രവർത്തകർക്കും മാർഗ്ഗദർശിയായി വർത്തിച്ച ഡോ. സാംകുട്ടിയെ പ്രഭാഷകർ അഭിമാനത്തോടെ അനുസ്മരിച്ചു. കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്കയുടെ ദേശീയ ഉപാദ്ധ്യക്ഷൻ സാം മാത്യു സമ്മേളനത്തിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും നന്ദി രേഖപ്പെടുത്തി. വർഗീസ് വർഗ്ഗീസ്, പാസ്റ്റർ ജോൺസൺ സഖറിയ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകിയതോടെ അനുസ്മരണ സമ്മേളനം സമാപിച്ചു.












# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection


Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998


**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**


Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# കെ.സി.എസ് ഷിക്കാഗോ ക്നായി തൊമ്മന്റെയും ബിഷപ്പുമാരുടെയും ഓർമ്മദിനം ആചരിച്ചു



മൺമറഞ്ഞ പിതാമഹൻ ക്നായി തോമയുടെയും, പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവരുടെ ഓർമ്മകൾ അയവിറക്കി കൊണ്ട്, ചിക്കാഗോ കെ.സി.എസ് ഇവരുടെ ഓർമ്മ ദിനം ആചരിച്ചു.

മെയ് 16 ന് നടന്ന കെ സി എസ് ജനറൽ ബോർഡിക്കും സോഷ്യൽ ബോഡിക്കും ശേഷം നടന്ന ചടങ്ങുകൾക്ക് കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല നേതൃത്വം നൽകി. പൂർവ്വ പിതാമഹന്മാരെ അനുസ്മരിച്ചു കൊണ്ടുള്ള പ്രാർത്ഥനകൾക്ക് റവ. ഫാദർ ജോസ് കുന്നത്തുകിഴക്കേതിൽ നേതൃത്വം നൽകി.



ചടങ്ങൾക്ക് ശേഷം, ജോസച്ചൻ മൺമറഞ്ഞുപോയ പൂർവ്വ പിതാമഹൻ ക്നായി തോമ, ക്നാനായ സമുദായത്തിന് നൽകിയ ലീഡർഷിപ്പിനെ കുറിച്ച് സംസാരിക്കുകയും, അദ്ദേഹത്തിന്റെ അവതാനങ്ങളെ വാഴ്ത്തുകയും ചെയ്തു. അതിന് ശേഷം ജോസച്ചൻ പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ്



കുന്നശ്ശേരി എന്നിവരുടെ ഓർമ്മകൾ അയവിറക്കി സംസാരിക്കുകയും, ക്നാനായ സമൂഹത്തിന്റെ ഐഡന്റിറ്റി സംരക്ഷിക്കുന്നതിൽ അവർ ജാഗരൂകരായിരുന്നു എന്ന് എടുത്തു പറയുകയും ചെയ്തു.

പങ്കെടുത്തവരെല്ലാം കെ.സി.എസ് എക്സിക്യൂട്ടീവ് ഒരുകിയ ലഞ്ച് ആസ്വദിച്ചുകൊണ്ട് കുശല സംഭാഷണം നടത്തുകയും സമുദായത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു ക്ഷുദ്ര ശക്തികൾക്കെതിരെ പ്രവർത്തനങ്ങൾ ഏകോപിക്കണം എന്നും അഭിപ്രായപ്പെടുകയും ചെയ്തു

ഷാജി പള്ളിവീട്ടിൽ

കെ.സി.എസ് ജനറൽ










# ചിക്കാഗോ സെന്റ് മേരീസിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 24–ന്

ചിക്കാഗോ : മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിലെ ഈ വർഷത്തെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് മാസം 24- ഞായറാഴ്ച നടത്തപ്പെടുന്നതാണ്. ഒരു വർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശീലനത്തിന്റെയും സമാപനത്തിൽ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നത്. ഞായറാഴ്ച വൈകുന്നേരം 3:30-നാണ് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ വച്ച് ഈ തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നത്. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറലുമായ ഫാ. തോമസ് മുളവനാൽ, ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, ബെൻസെൻവിൽ തിരുഹൃദയ ക്നാനായ ഫൊറോനാ വികാരി ഫാ. എബ്രഹാം കളരിക്കൽ തുടങ്ങിയ നിരവധി വൈദികർ കാർമ്മികരായിരിക്കും.




സെന ചാലുങ്കൽ, മിലാന ചെറിയത്തിൽ, അയ്‌ലാ ചോരത്ത്, ജെസ്‌ലെറ്റ് ഇടക്കരപുത്തൻപുരയിൽ, ഇവാലിന ഇടയാടിയിൽ, റീസ് ഇടശ്ശേരിൽ, ഷാർലറ്റ്




കൈമൂലയിൽ, കെയ്റ്റൻ കണിയാംപറമ്പിൽ, ഹന്നാ കിഴവള്ളിൽ, അഞ്ജലി കുന്നശ്ശേരി, തിയോ മ്യാൽക്കരപ്പുറത്ത്, എൽവിൻ ഒഴുങ്ങാലിൽ, അനബെൽ പനങ്ങാട്ട്, മെൽവിൻ പാറേൽ, ജോഷ് പോളക്കൽ, ആബെൽ പുത്തൻപറമ്പിൽ, നാതൻ താന്നിച്ചുവട്ടിൽ, ഇഷാന തെങ്ങനാട്ട്, മെലിസ്സ വഞ്ചിത്താനത്ത്, എമിലി വണ്ടന്നൂർ, ജോർഡൻ വാണിയകുന്നേൽ എന്നീ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നത്.

തിരുക്കർമ്മങ്ങൾക്ക് ശേഷം വൈകുന്നേരം 6:30 നു എൽമ്ഹസ്റ്റിൽ ഉള്ള എൽമ് വെസ്റ്റ് ബാങ്കറ്റ് ഹാളിൽ വച്ച് കുട്ടികൾക്കുള്ള സ്വീകരണവും ഡിന്നറും നടത്തപ്പെടുന്നതാണ്. ഇതോടൊപ്പം കുട്ടികളും മാതാപിതാക്കളും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. മാതാപിതാക്കളുടെ കോഓർഡിനേറ്റർ ആയ ജസ്റ്റിൻ തെങ്ങനാട്ട്, അസിസ്റ്റന്റ് കോർഡിനേറ്റർസ് ആയ ഷിജു ചെറിയത്തിൽ, നവീൻ കണിയാംപറമ്പിൽ എന്നിവരുടെയും സൺഡേ സ്കൂൾ പ്രിൻസിപ്പൽ സജി പൂത്തൃക്കയിൽ, അസിസ്റ്റന്റ് പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരുടെയും , ബിനു ഇടകര, ജിനു നേടിയകാല എന്നിവരുടെ നേതൃത്വത്തിൽ ഉള്ള മതാധ്യാപകരുടെയും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരുടെയും നിരവധി വോളന്റീയേഴ്സിന്റെയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് ഈ പരിപാടിക്കായി നടത്തിയിരിക്കുന്നത്. ഈ വർഷം പുതിയ ബാങ്കറ്റ് ഹാളിൽ ആണ് റിസപ്ഷൻ നടത്തുന്നത്.

അഡ്രസ്:Elm West Banquets. 681 W North Ave, Elmhurst, IL 60126.

റോയി ചേലമലയിൽ



## ഗ്രീൻ കാർഡ് ഫയലുകൾ പരിശോധിക്കാൻ ഉത്തരവിറക്കി

# കുറ്റകൃത്യങ്ങൾ കണ്ടാൽ നാട് കടത്താൻ തീരുമാനം



എബി മക്കപ്പുഴ

വാഷിംഗ്ടൺ: യുഎസിലേക്ക് പോകുന്നവരുടെ വലിയ സ്വാപ്നമാണ് ഗ്രീൻ കാർഡ്. പലർക്കും ഗ്രീൻ കാർഡ് ലഭിച്ചാൽ ഒരു സമാധാനം തന്നെയാണ്. എന്നാൽ ഗ്രീൻ കാർഡ് ലഭിച്ചവർ യുഎസിൽ സുരക്ഷിതർ ആണോ? യുഎസിൽ നിന്നും ഗ്രീൻ കാർഡ് ഉടമകളെ പുറത്തതാക്കാൻ സാധിക്കില്ല എന്നാണ് പലരും വിചാരിക്കുന്നത്. എന്നാൽ ആ വിചാരം തെറ്റാണ്. ഇപ്പോൾ ട്രംപ് ഭരണകൂടം യുഎസ് ഗ്രീൻ കാർഡ് ഉടമകളുടെ ഫയലുകൾ ശക്തമായി പരിശോധിക്കുകയാണ്. പരിശോധനകൾ ആരംഭിച്ചതിനു ശേഷം നിരവധി ആളുകൾ നാടുകടത്തൽ നോട്ടീസ് കൈപറ്റിയതായിട്ടാണ് റിപ്പോർട്ടുകൾ.

ലൈംഗിക അതിക്രമങ്ങൾ

ഗാർഹിക പീഡനങ്ങൾ

മദ്യപിച്ച് വണ്ടിയോടിച്ച് അപകടം ഉണ്ടാക്കൽ

മയക്കുമരുന്ന് കടത്ത്

രാജ്യസുരക്ഷയ്ക്ക് ഭീഷണിയായവർ

കള്ളം പറഞ്ഞ് ഗ്രീൻ കാർഡ് വാങ്ങിയവർ തുടങ്ങിയ കുറ്റകൃത്യങ്ങൾ

മറച്ചു വെച്ച് ഗ്രീൻ കാർഡ് സമ്പാദിച്ചിട്ടുള്ളവരെ ഗ്രീൻ കാർഡ് മരവിപ്പിച്ചു നാട് കടത്താനാണ് തീരുമാനം. പുതിയ പരിശോധനക്ക് പിന്നിൽ യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി ആണെന്നാണ് അന്താരാഷ്ട്ര മാധ്യമമായ ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. യുഎസ് സിറ്റിസൺഷിപ് ആൻഡ് ഇമ്മിഗ്രേഷൻ സർവീസിനുള്ളിലെ പ്രത്യേക സംഘമാണ് ഈ പരിശോധനകൾ നടത്തുന്നത്. ടാക്റ്റിക്കൽ ഓപ്പറേഷൻസ് ഡിവിഷൻ എന്നാണ് യുഎസ് സിറ്റിസൺഷിപ് ആൻഡ് ഇമ്മിഗ്രേഷൻ സർവീസിലെ പുതിയ ടീമിന്റെ പേര്.

ഈ ടീമിനുള്ളിൽ തന്നെ മൂന്ന് പ്രത്യേക വിഭാഗം ഉണ്ട്. ഗ്രീൻ കാർഡ് ഉടമകളെ നിരീക്ഷിക്കുന്ന എൽപിആർ ഓപ്പറേഷൻസ് ടീം, പൗരത്വം റദ്ദാക്കാൻ ശ്രമിക്കുന്ന ഡിനാച്ചുറലൈസേഷൻ ടീം, അഭയാർത്ഥികളുടെ പശ്ചാത്തലം വീണ്ടും പരിശോധിക്കുന്ന റഫ്യൂജി റീവെറ്റിങ് ടീം.

ഗ്രീൻ കാർഡുകാരെ പുറത്താക്കാനുള്ള സംവിധാനം എന്നാണ് ഈ വിഭാഗത്തിന്റെ ഡയറക്ടറായ ഡാനിയൽ ആൻഡ്രേഡ് ഒരു ഇമെയിലിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ 40 ഓളം പ്രത്യേക ഇമിഗ്രേഷൻ ഓഫീസർമാരാണ് ഉള്ളത് എന്ന് അദ്ദേഹം പറഞ്ഞു. അവർ രാത്രിയിലും പകലും ഗ്രീൻ കാർഡ് ഫയലുകൾ പരിശോധിക്കുന്നുണ്ട്.

ഏകദേശം 2,890 ഗ്രീൻ കാർഡ് കേസുകൾ ഈ സംഘം പരിശോധിച്ചു കഴിഞ്ഞു എന്നാണ് റിപ്പോർട്ടുകൾ. ഇപ്പോഴും നിരവധി എണ്ണം പുനഃപരിശോധനക്കായി എടുത്തിട്ടുമുണ്ട്. 500-ലധികം ആളുകളുടെ ഫയലുകൾ നിരീക്ഷണം കടുപ്പിച്ചിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി 50 ൽ കൂടുതൽ ആളുകൾക്ക് നാടുകടത്തൽ നോട്ടീസ് നൽകിയിട്ടുമുണ്ട്.

കുടിയേറ്റ നിയമങ്ങൾ കർശനമാക്കുന്നതിന്റെ ചെറിയ ഒരു തുടക്കം എന്നാണ് ഉദ്യോഗസ്ഥർ പറഞ്ഞിരിക്കുന്നത്. പരിശോധനകൾ ശക്തമാക്കും എന്നും അവർ പറഞ്ഞു. നിരവധി ആളുകളുടെ ലിസ്റ്റുകൾ തയാറാക്കുന്നു എന്നാണ് റിപ്പോർട്ടുകൾ. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന ആളുകളെ കൃത്യമായി സ്ക്രീനിങ് ചെയ്യുക എന്നതാണ് ലക്ഷ്യം എന്നും അവർ പറഞ്ഞു.




emalayalee.com


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
NRS PAY
nrspay.com
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# അറിവ് എന്ന സേവനത്തെ ആഗോള ബിസിനസ്സ് മോഡലായി മാറ്റിയ സണ്ണി വർക്കി



**എബി മക്കപ്പുഴ, ഡാളസ്**

ഡാളസ്: ബിസിനസ്സ് എന്നാൽ നിർമ്മാണവും എണ്ണയുമാണെന്ന് കരുതിയിരുന്ന കാലത്ത് അറിവ് എന്ന സേവനത്തെ ഒരു ആഗോള ബിസിനസ്സ് മോഡലായി മാറ്റിയ ഒരു ചരിത്ര പരുഷനെ പരിചയപെടുത്തട്ടെ. ഗൾഫുകാർ എന്നെന്നും മനസ്സുകളിൽ സൂക്ഷിക്കുന്ന ഒരു പേര് സണ്ണി വർക്കി. അറിവിന്റെ വഴികാട്ടികളായി ദുബായിൽ എത്തിയ പ്രവാസി മലയാളി കുടുംബം. ഇന്ന് ലോക ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം ഉറപ്പിച്ചു.ലോകരുടെ ഇടയിൽ റാന്നിക്കാർക്കു അഭിമാനമായി മാറി സണ്ണി വർക്കി.

കേരളത്തിലെ പത്തനംതിട്ട റാന്നിയിൽ 1957 ഏപ്രിൽ 9-നാണ് സണ്ണി വർക്കി ജനിച്ചത്.കെ.എസ്. വർക്കിയുടെയും മറിയാമ്മ വർക്കിയുടെയും മകനായി കാച്ചണത്തു വീട്ടിലായിരുന്നു ജനനം.

1959 ൽ കുടുംബം ദുബായിലേയ്ക്ക് പറന്നു. തുടർന്ന് 1968 ൽ ഔർ ഓൺ ഇംഗ്ലീഷ് ഹൈസ്കൂൾ സ്ഥാപിച്ചു. യുകെയിൽ എ-ലെവൽ പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ ദുബായിലെ ഇൻഫന്റ് ജീസസ് ആംഗ്ലോ-ഇന്ത്യൻ ബോയ്സ് സ്കൂളിലും, സെന്റ് മേരീസ് കാത്തലിക് ഹൈസ്കൂളിലും പഠിച്ചു.

കുട്ടികാലത്തെ വിദ്യാഭ്യാസം കേരളത്തിൽ ആയിരുന്നു.

തന്റെ 11-ാം വയസിൽ പണം സമ്പാദിക്കുന്നതിനു വേണ്ടി റോഡ് സൈഡിൽ കച്ചവടം നടത്തിയ ഒരു കുട്ടിക്കാലം സണ്ണി വർക്കിക്ക് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംരംഭക യാത്രയുടെ തുടക്കം കൂടിയായിരുന്നു ഇത്.



ദുബായിൽ ആരംഭിച്ച ഒരു ചെറിയ സ്കൂളിനെ ലോകത്തിലെ തന്നെ ഏറ്റവും വലിയ സ്വകാര്യ വിദ്യാഭ്യാസ ശൃംഖലയായ 'ജെംസ് എഡ്യൂക്കേഷൻ' (GEMS Education) ആയി മാറ്റിയെടുത്തു.

പഠനശേഷം സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിലാണ് സണ്ണി തന്റെ കരിയർ ആരംഭിച്ചത്. ശേഷം വ്യാപാരം, ഹോസ്പിറ്റാലിറ്റി, ഹെൽത്ത്കെയർ മേഖലകളിൽ കൈവച്ചു.

2000-ൽ അദ്ദേഹം തന്റെ കുടുംബത്തിന്റെ വിദ്യാഭ്യാസ സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി ഗ്ലോബൽ എജ്യുക്കേഷൻ മാനേജ്മെന്റ് സിസ്റ്റംസ് (GEMS) സ്ഥാപിച്ചു. ഇന്ന് സിബിഎസ്ഇ, ഐസിഎസ്ഇ, ഐബി, ബ്രിട്ടീഷ്, അമേരിക്കൻ പ്രോഗ്രാമുകൾ ഉൾപ്പെടെ ഒന്നിലധികം പാഠ്യപദ്ധതികൾ വാഗ്ദാനം ചെയ്യുന്ന പ്രമുഖരാണ് ജെംസ് നെറ്റ്‌വർക്ക്.

സണ്ണി വർക്കിയാണ് ഇന്ന് ശൃംഖലയുടെ എക്സിക്യൂട്ടീവ് ചെയർമാൻ. മൂത്ത മകൻ ഡിനോ വർക്കി സിഇഒയും, ഇളയ മകൻ ജയ് വർക്കി എക്സിക്യൂട്ടീവ് ഡയറക്ടറും, ബോർഡ് അംഗവുമാണ്.

2003 ലാണ് ഏളങ്ങട ആഗോളതലത്തിൽ വികസിപ്പിച്ചത്. ഇംഗ്ലണ്ടിലായിരുന്നു അതിന്റെ ആദ്യത്തെ സ്കൂൾ തുറന്നത്. 2004 -ൽ ഇന്ത്യയിലെത്തി. .



വിദേശ രാജ്യങ്ങളിൽ ബിസിനസ്സ് എന്നാൽ നിർമ്മാണവും എണ്ണയുമാണെന്ന് കരുതിയിരുന്ന കാലത്ത്, 'വിദ്യാഭ്യാസം' എന്ന സേവനത്തെ ഒരു ആഗോള ബിസിനസ്സ് മോഡലായി മാറ്റിയതാണ് സണ്ണി വർക്കിയുടെ ഏറ്റവും വലിയ വിജയം. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പാരമ്പര്യവും സംരംഭകത്വ ബുദ്ധിയും ചേർന്നപ്പോൾ അത് ലോകത്തെ 14-ലധികം രാജ്യങ്ങളിൽ പടർന്നു പന്തലിച്ച വിദ്യാലയങ്ങളുടെ വലിയൊരു ശൃംഖലയായി മാറി.

സണ്ണി വർക്കിയുടെ ശൈലി കേവലം കെട്ടിടങ്ങൾ പണിയുന്നതിലല്ല, മറിച്ച് വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതി

ലാണ്. സാധാരണക്കാർ മുതൽ ലോകത്തിലെ അതിസമ്പന്നർക്ക് വരെ താങ്ങാനാവുന്ന വിവിധ തലങ്ങളിലുള്ള സ്കൂളുകൾ അദ്ദേഹം നിർമ്മിച്ചു. ബിസിനസ്സിൽ ലാഭം നേടുമ്പോഴും സാമൂഹിക പ്രതിബദ്ധത മറക്കാത്ത അദ്ദേഹം സ്ഥാപിച്ച 'വർക്കി ഫൗണ്ടേഷൻ ആഗോളതലത്തിൽ അധ്യാപകരുടെ അന്തസ്സ് ഉയർത്തുന്നതിനായി വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

ലോകത്തിലെ ഏറ്റവും മികച്ച അധ്യാപകന് നൽകുന്ന 'ഗ്ലോബൽ ടീച്ചർ പത്ത് ലക്ഷം ഡോളറിന്റെ പുരസ്കാരം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. വിദ്യാഭ്യാസത്തെ ഒരു ലാഭകരമായ വ്യവസായമാക്കി മാറ്റിയതിനൊപ്പം തന്നെ, അത് സമൂഹത്തിന്റെ നട്ടെല്ലായി നിലനിർത്താനും അദ്ദേഹം ശ്രമിച്ചു.

ബിൽ ഗേറ്റ്സിനെയും വാറൻ ബഫറ്റിനെയും പോലുള്ള ലോക സമ്പന്നർക്കൊപ്പം തന്റെ സമ്പത്തിന്റെ പകുതിയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുന്ന 'ദി ഗിവിംഗ് പ്ലെഡ്ജിൽ ഒപ്പിട്ട ആദ്യത്തെ മലയാളി കൂടിയാണ് അദ്ദേഹം. പാരമ്പര്യമായി ലഭിച്ച അറിവിനെ ഒരു ആഗോള ബ്രാൻഡാക്കി മാറ്റിയ സണ്ണി വർക്കി, തന്റെ വേരുകൾ മറക്കാത്ത ലോക പൗരനാണ്. വിദ്യാഭ്യാസ മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകൾ പരിഗണിച്ച് ഭാരത സർക്കാർ അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്. ഒരു സംരംഭകൻ എന്നതിലുപരി, വരുംതലമുറയുടെ ശില്പി എന്ന നിലയിലാണ് സണ്ണി വർക്കി ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത്. ബിസിനസ്സ് നേതൃത്വത്തെക്കുറിച്ചും സാങ്കേതികവിദ്യയുടെ വളർച്ചയെക്കുറിച്ചും അറിയാൻ താല്പര്യമുള്ള നിങ്ങൾക്കായി, ഒരു മലയാളിക്ക് എങ്ങനെ ആഗോളതലത്തിൽ വിദ്യാഭ്യാസ വിപ്ലവം സൃഷ്ടിക്കാമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് സണ്ണി.







ആഗോള തലത്തിൽ അറിവിന്റെ മേഖലയെ കഠിന പരിശ്രമത്തിലൂടെ വളർത്തിയെടുക്കുകയും, സമ്പത്തിന്റെ ഓഹരി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റി വയ്ക്കുകയും ചെയ്ത് ലോക പ്രസിദ്ധി നേടിയെടുത്തുകൊണ്ടിരിക്കുന്ന സണ്ണി വർക്കിക്ക് തുടന്നുള്ള കർമ്മ പദ്ധതികൾക്ക് എല്ലാവിധ ആശംസകൾ നേരുന്നു.


സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# ശ്രേഷ്ഠ ബാവാ ആബൂൻ മോർ ബസേലിയോസ് ജോസഫ് മലങ്കര മെത്രോപ്പോലീത്താക്ക് ന്യൂയോർക്കിൽ സ്വീകരണം നൽകുന്നു



മാത്യുക്കുട്ടി ഈശോ


ന്യൂജേഴ്സി: കാതോലിക്കാ ബാവായായി സ്ഥാനം ഏറ്റതിന് ശേഷം ആദ്യമായി അമേരിക്കയിലെത്തുന്ന യാക്കോബായ സഭയുടെ ഇന്ത്യയിലെ പരമോന്നത അദ്ധ്യക്ഷനായ ശ്രേഷ്ഠ മോർ ജോസഫ് ബസേലിയോസ് തിരുമേനിക്ക് ജൂലൈ 22-ന് വൈകിട്ട് 6 മുതൽ 9 വരെ ന്യൂയോർക്ക് പോമോണാ സഫേർണിലുള്ള ബാങ്കറ്റ് ഹാളിൽ (DMZT, 106 Pomona Road, Suffern, NY) ക്ഷണിക്കപ്പെട്ട സദസ്സിൽ വച്ച് പ്രൗഡോജ്വല സ്വീകരണം നൽകുന്നു. ന്യൂജേഴ്സി ഓൾഡ് ടാപ്പനിൽ പ്രവർത്തിക്കുന്ന ഭദ്രാസന ആസ്ഥാനത്ത് ജൂലൈ 22 മുതൽ 25 വരെ നടത്തപ്പെടുന്ന നോർത്ത് അമേരിക്കൻ മലങ്കര ആർച്ച് ഡയോസിസ് സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ 37-ാമത് കുടുംബ-യുവജന സംഗമത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്നതിനാണ് നിയുക്ത ശ്രേഷ്ഠ കാതോലിക്കാ ബാവാ എത്തിച്ചേരുന്നത്.

നോർത്ത് അമേരിക്കൻ ഭദ്രാസന ആർച്ച് ബിഷപ്പ് അഭിവന്ദ്യ എൽദോ മോർ തീത്തോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിലും കഴിഞ്ഞ ദിവസം ഭദ്രാസന ആസ്ഥാനത്ത് ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ



ന്യൂയോർക്ക് ചാപ്റ്റർ നടത്തിയ പത്ര സമ്മേളനത്തിലാണ് ആർച്ച് ബിഷപ്പ് ഇത് പ്രസ്താവിച്ചത്.

വളരെ കലുഷിതമായ സഭാന്തരീക്ഷമായിരുന്നു നാട്ടിലുണ്ടായിരുന്നത്. ഇപ്പോൾ അൽപ്പം ശാന്തതയുണ്ടെങ്കിലും പൂർണ്ണ സമാധാനത്തിലേക്ക് അത് എത്തിയിട്ടില്ല. ഈയൊരു കാലഘട്ടത്തിൽ ദീർഘ കാലം യാക്കോബായ സഭയ്ക്ക് നേതൃത്വം കൊടുത്തത് കാലം ചെയ്ത ശ്രേഷ്ഠനായ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ ആയിരുന്നു. അദ്ദേഹം മെത്രാപ്പോലീത്തയായി അൻപത് വർഷം പിന്നിട്ട ആളായിരുന്നു. പാരമ്പര്യം നിലനിർത്താനായി ആ സ്ഥാനത്തേക്ക് ആര് തിരഞ്ഞെടുക്കപ്പെടും എന്ന് ചെറിയ ആശയക്കുഴപ്പം ആ സമയത്ത് ഉണ്ടായിരുന്നു. ഏതായാലും ദൈവ കൃപയാൽ അന്ന് തിരുമേനി ആയിരുന്ന ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയെ സഭ ശ്രേഷ്ഠ ബാവായായി തെരഞ്ഞെടുത്തു. തുടർന്ന് 2025 മാർച്ച് 25-ന് ആഗോള പരിശുദ്ധ കാതോലിക്കാ ബാവാ ലെബനോൻ ബെയ്റൂട്ടിൽ വച്ച് അദ്ദേഹത്തെ വാഴിക്കുകയും ചെയ്തു. പ്രസ്തുത സ്ഥാനാരോഹണ ചടങ്ങിൽ ഇന്ത്യയിൽ നിന്നും കേന്ദ്ര സർക്കാർ പ്രതിനിധികളും സംസ്ഥാന സർക്കാർ പ്രതിനിധികളും പങ്കെടുത്തിട്ടുള്ളതാണ്. നോർത്ത് അമേരിക്കൻ ഭദ്രാസനത്തിൽ നിന്നും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആ ചടങ്ങിൽ ധാരാളം പേർ പങ്കെടുത്തിട്ടുള്ളതാകുന്നു. വളരെ പ്രതീക്ഷ നൽകിക്കൊണ്ടാണ് അദ്ദേഹം ശ്രേഷ്ഠ ബാവായായി സ്ഥാനം ഏറ്റത്. കഴിഞ്ഞ വർഷത്തെ കുടുംബ സംഗമത്തിന് വന്ന് ചേരണമെന്ന്



ബാവ ആഗ്രഹിച്ചതാണ്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ എത്തിച്ചേരുവാൻ സാധിച്ചില്ല. അതിനാലാണ് ഈ വർഷത്തെ കുടുംബ സംഗമത്തിലേക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവയെ ക്ഷണിച്ചിരിക്കുന്നത്.

ശ്രേഷ്ഠ ബാവായായി സ്ഥാനം ഏറ്റതിന് ശേഷം ആദ്യമായാണ് അമേരിക്കയിലേക്ക് അദ്ദേഹം വരുന്നത്. അതിനാൽ തന്നെ അദ്ദേഹത്തിന് സമുചിതമായ ഒരു സ്വീകരണം നൽകണമെന്നാണ് ആഗ്രഹിക്കുന്നത്. പോമോണാ ബാങ്ക്വറ്റ് ഹാളിൽ വച്ച് ജൂലൈ 22-ന് വൈകിട്ട് 6-ന് ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്ക് സ്വീകരണം നൽകുന്നതിനാണ് ക്രമീകരണങ്ങൾ ചെയ്യുന്നത്. പ്രസ്തുത ചടങ്ങിന് എല്ലാ പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും ബിഷപ്പുമാരെയും ക്ഷണിച്ചിട്ടുണ്ട്. എത്യോപ്യൻ, ഐറീഷ്യൻ, കോപ്ടിക്ക്, സിറിയൻ, മലങ്കര മാർത്തോമ്മാ തുടങ്ങിയ സഭകളുടെ ബിഷപ്പുമാരെയും മലങ്കര കത്തോലിക്കാ ബിഷപ്പിനെയും ക്ഷണിച്ചിട്ടുണ്ട്. വിവിധ പരിപാടികളോടെയാണ് ആ സ്വീകരണച്ചടങ്ങ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ആർച്ച് ബിഷപ്പ് പ്രസ്താവിച്ചു.




ഭദ്രാസന സെക്രട്ടറി റവ. ഫാദർ പോൾ തോട്ടയ്ക്കാട്ട്, ജോയിൻറ് സെക്രട്ടറി റവ. ഫാദർ ബ്ലെസ്സൻ കുര്യാക്കോസ്, ഭദ്രാസന ട്രഷറർ സിമി ജോസഫ്, ജോയിൻറ് ട്രഷറർ ബോബി കുര്യാക്കോസ്, ഭദ്രാസന മുൻ സെക്രട്ടറി റവ. ഫാദർ ജെറി, കൗൺസിൽ അംഗങ്ങളായ കോർ എപ്പിസ്കോപ്പ വെരി റവ. ഫാദർ ജോസഫ് സി. ജോസഫ്, റവ. ഫാദർ കുര്യാക്കോസ് പുതുപ്പാടി, അലക്സ് ജോർജ്, ഷെവലിയാർ ജയ്മോൻ സ്കറിയ, റോയി മാത്യു, സാബു സ്കറിയ, ജോയി ഇട്ടൻ എന്നിവരും ഇന്ത്യ പ്രസ് ക്ലബ്ബ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡൻറ് സജി എബ്രഹാം, സെക്രട്ടറി മാത്യുക്കുട്ടി ഈശോ, അംഗങ്ങളായ ഈ-മലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ്, കൈരളി ഡയറക്ടർ ജോസ് കാടാപുറം, 24 ന്യൂസ് കോർഡിനേറ്റർ ബിനു തോമസ്, ഇന്ത്യ പ്രസ് ക്ലബ്ബ് മുൻ നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് എന്നിവരും പത്ര സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# കോട്ടയം സിഎംഎസ് കോളേജ് അലുമ്നി ഹൂസ്റ്റൺ ചാപ്റ്റർ ഉദ്ഘാടനം സൗഹൃദവും സ്മരണകളും പങ്കിട്ട ഹൃദയസ്പർശിയായ സംഗമം



ജീമോൻ റാന്നി

ഹൂസ്റ്റൺ: കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ചരിത്രപ്രസിദ്ധമായ കോട്ടയം സിഎംഎസ് കോളേജിന്റെ പൂർവവിദ്യാർത്ഥികളും മുൻ അധ്യാപകരും ഒരുമിച്ചുകൂടിയ അലുമ്നി സംഗമം സൗഹൃദത്തിന്റെയും ഓർമ്മകളുടെയും മനോഹര വേദിയായി മാറി.

മെയ് 12-ന് വൈകുന്നേരം 6.30-ന് ഗ്രേറ്റർ ഹൂസ്റ്റണിലെ സെന്റ് തോമസ് ചർച്ച് ഫെല്ലോഷിപ്പ് ഹാളിൽ നടന്ന സമ്മേളനത്തിലാണ് സിഎംഎസ് കോളേജ് അലുമ്നി ഹൂസ്റ്റൺ ചാപ്റ്ററിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നത്.

റവ. ദീബു എബി ജോൺ അധ്യക്ഷത വഹിച്ച യോഗത്തിൽ CMS കോളേജിന്റെ മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. റോയ് സാം ഡാനിയേൽ മുഖ്യാതിഥിയായി പങ്കെടുത്തു.

CMS കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ മുൻ പ്രൊഫസറായ പ്രൊഫ. സക്കറിയ ഉമ്മൻ സ്വാഗതം ആശംസിച്ചു. മുൻ സഹ









പ്രവർത്തകരെയും വിദ്യാർത്ഥികളെയും വീണ്ടും ഒരുമിപ്പിച്ച് പഴയ സൗഹൃദങ്ങൾ പുതുക്കുകയും കോളജ് ജീവിതത്തിലെ മധുരസ്മരണകൾ പങ്കിടുന്നതിനുള്ള വേദിയാകുകയുമാണ് ഈ അലുമ്നി സംരംഭത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.

റവ. ദീബു എബി ജോൺ, പ്രൊഫ. ഡോ. റോയ് സാം ഡാനിയേൽ, റവ. ഫാ. ഡോ. ഐസക് ബി. പ്രകാശ്, വി. വി. ബാബുക്കുട്ടി, ജോൺ ചാക്കോ (ജോസ് കോട്ടയം) എന്നിവർ ആശംസകൾ നേർന്നു. പരിപാടിയുടെ ഭാഗമായി ജെയിംസ് മാത്യു അവതരിപ്പിച്ച ഗാനസന്ധ്യയും ശ്രദ്ധേയമായി.

സന്ധ്യയിലെ ഏറ്റവും ഹൃദയസ്പർശിയായ നിമിഷങ്ങളിലൊന്നായി കോളേജിന്റെ മുൻ പ്രിൻസിപ്പലായിരുന്ന പരേതനായ റവ. എം. സി. ജോണിനെ അനുസ്മരിച്ച് ടിറ്റി മാത്യു അവതരിപ്പിച്ച ആദരാഞ്ജലി മാറി. പങ്കെടുത്തവർ കോളജ് ജീവിതത്തിലെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ചത് സംഗമത്തിന് കൂടുതൽ ആത്മീയതയും ഉല്ലാസവും പകർന്നു.

തുടർന്ന് നടന്ന ബിസിനസ് സെഷനിൽ ഹൂസ്റ്റൺ ചാപ്റ്ററിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഭാരവാഹികളെ തെരഞ്ഞെടുത്തു.





പ്രൊഫ. സക്കറിയ ഉമ്മനെ രക്ഷാധികാരിയായും ടിറ്റി മാത്യുവിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. പ്രൊഫ. ടോം തോമസ്, വി. വി. ബാബുക്കുട്ടി, ഡോ. ജാൻസി ജേക്കബ്, ശ്രീമതി ഷൈനി ഒമ്മൻ, സുഗു ഫിലിപ്പ് എന്നിവർ ബോർഡ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ മുൻ പ്രൊഫസറായ പ്രൊഫ. ടോം തോമസ് നന്ദി രേഖപ്പെടുത്തി. തുടർന്ന് എല്ലാവരും പങ്കെടുത്ത സൗഹൃദ വിരുന്നോടെ സമ്മേളനം സമാപിച്ചു.

# പാസഡീന മലയാളി അസോസിയേഷൻ പിക്നിക് വർണാഭമായി; പുതിയ വർഷത്തിൽ ശക്തമായ നേതൃത്വം

ജീമോൻ റാന്നി

ഹൂസ്റ്റൺ: കഴിഞ്ഞ 36 വർഷങ്ങളായി ഹൂസ്റ്റൺ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന, പാസഡീന മലയാളി അസോസിയേഷന്റെ (പിഎംഎ) ഈ വർഷത്തെ പിക്നിക്കും പുതിയ പ്രവർത്തന വർഷത്തേയ്ക്കുള്ള ഭാരവിഹീകളുടെ തിരഞ്ഞെടുപ്പും ഉൽസവാന്തരീക്ഷത്തിൽ നടന്നു.

സംഘടനയിലെ നൂറിലധികം അംഗങ്ങൾ പങ്കെടുത്ത പിക്നിക്കിലെ 'ബിങ്കോ ഗെയിം' ഏവരിലും ആവേശമുണ്ടാക്കി. ബേ ഏരിയ പാർക്കിൽ കലാ കായിക മത്സരങ്ങളോടെ രാവിലെ 9 മണി മുതൽ ഉച്ചക്ക് 2 മണി വരെയായിരുന്നു പിക്നിക്കും അതിനോടനുബന്ധിച്ചു നടന്ന തിരഞ്ഞെടുപ്പും.

റിച്ചാർഡ്സ് സ്കറിയ ജേക്കബ് ആണ് പുതിയ പ്രസിഡന്റ്. ഈശോ എബ്രഹാം വൈസ് പ്രസിഡന്റായും ജോമോൻ ജേക്കബ് സെക്രട്ടറിയായും ജോൺ ജോസഫ് കൂടത്തിനാൽ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.

ജേക്കബ് ഫിലിപ്പ്, ബിജോ



ചാക്കോ, ജോസഫ് കണയത്ത്, ജോമി ജോൺ, ആന്റണി റെസ്റ്റം, റോബിൻ ഫെറി, സ്കറിയ ബി ജോയ്, ജോസ് ലൂക്കോസ് എന്നിവരാണ് എക്സിക്യൂട്ടീവ് കമ്മറ്റി മെംബേഴ്സ്.

ഓഡിറ്റർ-പോൾ യോഹന്നാൻ, സ്പോർട്സ് -ബ്രൂണോ കോറെയാ.

അസോസിയേഷന്റെ മുതിർന്ന അംഗങ്ങൾ പാചകം ചെയ്ത സ്വാദിഷ്ടമായ ബാർ ബി ക്യൂ ഭക്ഷിച്ച് പിക്നിക് സമാപിച്ചു.








Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# ജനഹിതം മതിയാവോളം, പാർട്ടിയിൽ ഗ്രിപ്പ് പോരാ; സതീശന് മുന്നിൽ ഭരണ – പാർട്ടി വെല്ലുവിളികളേറെ




എ.എസ് ശ്രീകുമാർ

''സർക്കാരിന്റെ തുടക്കത്തിൽ ജനപ്രിയ തീരുമാനങ്ങൾ പ്രതീക്ഷിക്കരുത്. കുറച്ച് കയ്പ്പുനീര് കുടിക്കേണ്ടവരും. സാമ്പത്തികമായി തകർന്ന സംസ്ഥാനത്തെ കരകയറ്റാൻ മുണ്ടുമുറുക്കി ഉടുക്കേണ്ടിയും വരും. 2001-ൽ ഞാൻ മുഖ്യമന്ത്രിയായ അവസരത്തേക്കാൾ പത്തിരട്ടി കൂടുതൽ സാമ്പത്തികമായി തകർന്ന് തരിപ്പണമായ സംസ്ഥാനമാണിന്ന് കേരളം. സതീശന് സാവകാശം നൽകണം. സഹായിക്കണം...'' മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം തന്നെ സന്ദർശിക്കാനെത്തിയ വി.ഡി സതീശനെ ചേർത്തു നിർത്തി എ.കെ ആന്റണി മാധ്യമങ്ങളോട് പറഞ്ഞതിങ്ങനെയാണ്. 2001-ൽ കാലാവധി തികയ്ക്കാതെ മുഖ്യമന്ത്രിസ്ഥാനം ഒഴിയേണ്ടി വന്ന സ്ഥിതി ഓർമിപ്പിച്ചുകൊണ്ടായിരുന്നു ആന്റണി പ്രതികരിച്ചത്.

ഘടകകക്ഷികളുടെ വലിയ പിന്തുണയാർജിച്ച് ജനഹിതത്തോടെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാനൊരുങ്ങുന്ന വി.ഡി സതീശന്റെ മുന്നിൽ ഭരണപരവും രാഷ്ട്രീയവുമായ നിരവധി വെല്ലുവിളികളുണ്ട്. ''കേരളം മുഴുവൻ അലയടിച്ച് എന്റെ മുന്നിലേയ്ക്ക് വന്നാലും ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ എടുത്ത നിലപാടിൽ നിന്ന് ഒരു മാറ്റവും ഉണ്ടാകില്ല...'' എന്ന സതീശന്റെ വാക്കുകൾ അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ സൂചകങ്ങളാണ്. ജനങ്ങളുടെ കരുത്തിൽ കേരളത്തിന്റെ ഭരണയന്ത്രം തിരിക്കാൻ നിയോഗിക്കപ്പെട്ട സതീശന് വെല്ലുവിളികളെയെല്ലാം അതിജീവിക്കാനാവുമെന്നാണ് കരുതുന്നത്.

വി.എസ് അച്യുതാനന്ദൻ മുഖ്യമന്ത്രിയായതുപോലെ പൊതുജനമധ്യത്തിൽ വലിയ പിന്തുണയും പാർട്ടി നേതാക്കൾക്കിടയിൽ വലിയ താത്പര്യവും ഇല്ലാത്ത അപൂർവ സാഹചര്യം നേരിട്ടാണ് വി.ഡി സതീശൻ മുഖ്യമന്ത്രി പദത്തിലെത്തുന്നത്. വി.എസിനെ പാർട്ടി വലിയ കടിഞ്ഞാണിട്ട് നിയന്ത്രിച്ചപോലെ സതീശനെ കൂച്ചുവിലങ്ങിട്ട് നിർത്തുമോയെന്ന് കണ്ടറിയണം. പക്ഷേ ലക്ഷ്മണരേഖ വരച്ചാലും അത് മറികടക്കുന്നതാണ് സതീശന്റെ സ്വഭാവം. പാർട്ടിയിലെ അതികായൻമാരായ രമേശ് ചെന്നിത്തലയെയും കെ.സി വേണുഗോപാലിനെയും വെട്ടി



**വി.എസ് അച്യുതാനന്ദൻ മുഖ്യമന്ത്രിയായതുപോലെ പൊതുജനമധ്യത്തിൽ വലിയ പിന്തുണയും പാർട്ടി നേതാക്കൾക്കിടയിൽ വലിയ താത്പര്യവും ഇല്ലാത്ത അപൂർവ സാഹചര്യം നേരിട്ടാണ് വി.ഡി സതീശൻ മുഖ്യമന്ത്രി പദത്തിലെത്തുന്നത്. വി.എസിനെ പാർട്ടി വലിയ കടിഞ്ഞാണിട്ട് നിയന്ത്രിച്ചപോലെ സതീശനെ കൂച്ചുവിലങ്ങിട്ട് നിർത്തുമോയെന്ന് കണ്ടറിയണം.**

വീഴ്ത്തിയായിരുന്നു സതീശന്റെ അശ്വമേധം. തിരഞ്ഞെടുപ്പിൽ വിജയിച്ചുവന്ന 63 അംഗ കോൺഗ്രസ് നിയമസഭാകക്ഷിയിൽ 47 പേരും കെ.സി വേണുഗോപാലിനെ പിന്തുണച്ചപ്പോൾ സതീശനും രമേശ് ചെന്നിത്തലയ്ക്കുമൊപ്പം പത്തിലധികം നിയുക്ത എം.എൽ.എമാരില്ല.

ഊഷ്മളമായ വ്യക്തിബന്ധം വളർത്തിയും ഭരണനടപടികളുടെ മികവുകൊണ്ടും തന്റെ അനുകൂലികളുടെ എണ്ണം കൂട്ടുകയെന്നത് സതീശന്റെ പാർട്ടിയിലെ വലിയ വെല്ലുവിളിയാണ്. പ്രതിപക്ഷ ആക്രമണങ്ങളുടെ കുന്തമുനയൊടിക്കാൻ കെൽപ്പുള്ളവർ സതീശന്റെ കൂടെയുണ്ടാവണം. ഗ്രൂപ്പ് സതീശന്റെ നിഘണ്ടുവിലില്ല. പക്ഷേ മൂന്നായി ഒടിഞ്ഞ് നിൽക്കുന്ന പാർട്ടിയെ ഒരുമിപ്പിച്ച് പിന്തുണ നേടുകയെന്ന വലിയ ദൗത്യവും സതീശനെ കാത്തിരിക്കുന്നു. അഞ്ചു വർഷം ഒരുമിച്ച് പോരാടിയിട്ടും എന്തുകൊണ്ട് സ്വന്തം ആളുകൾ തന്നെ പിന്തുണയ്ക്കുന്നില്ലെന്നത് സതീശന് ആത്മ പരിശോധനയ്ക്കുള്ള ചോദ്യമാണ്. ഘടകകക്ഷികളുടെ പിന്തുണ ഇപ്പോഴുണ്ടെങ്കിലും തങ്ങൾ സൃഷ്ടിച്ച മുഖ്യമന്ത്രിയെന്ന് ഘടകകക്ഷികൾക്ക് തോന്നിയാൽ വഴങ്ങിക്കൊടുക്കാതിരിക്കാനുള്ള കരുത്ത് പാർട്ടിയിൽ നിന്ന് സ്വരൂപിച്ചെടുക്കണം.

അതേസമയം, പ്രതിപക്ഷ നേതാവായിരുന്നപ്പോൾ കൈക്കൊണ്ട നിലപാടുകളോട് നീതി പുലർത്തുകയെന്നത് അദ്ദേഹം നേരിടാൻ പോകുന്ന ഭരണപരമായ വെല്ലുവിളിയാണ്. സാമുദായിക സംഘടനകളോടും വർഗീയതയോടും പുലർത്തിയ കർക്കശനിലപാടിൽ ഒരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം മുതിരില്ല. പക്ഷേ ഭരണത്തിന്റെ പ്രായോഗികതയ്ക്ക് ഈ നിലപാട് വിലങ്ങുതടിയായേക്കും. എ.കെ ആന്റണി സൂചിപ്പിച്ചപോലെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ ദയനീയമാണ്. കഴിഞ്ഞ പത്തു വർഷം കൊണ്ട് അഥവാ 2016-ൽ പിണറായി വിജയൻ അധികാരമേറ്റതു മുതൽ ഉണ്ടാക്കിയ പൊതുകട വർധനവ്: 3.93 ലക്ഷം കോടി രൂപയാണ്. അതായത് പലിശയും മുതലും ചേർത്ത് 2026 മുതലുള്ള ഒരു വർഷത്തെ ശരാശരി തിരിച്ചടവ് 28,572 കോടി രൂപയാണ്. ഒപ്പം സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ ഏകദേശം 71 ശതമാനത്തോളം ശമ്പളം, പെൻഷൻ, പലിശ ബാധ്യതകൾ എന്നിവയ്ക്കായി മാത്രം മാറ്റിവെയ്ക്കേണ്ട അവസ്ഥയിലാണിന്ന് കേരളം.

ഐക്യ കേരളം നിലവിൽ വന്ന1956 മുതൽ ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരമേറ്റ 2016 വരെയുള്ള 60 വർഷം കൊണ്ട് കേരളത്തിന്റെ ആകെ പൊതുകടം ഏകദേശം 1.57 ലക്ഷം കോടി രൂപ മാത്രമായിരുന്നു എന്നതും കഴിഞ്ഞ പത്തുവർഷം കൊണ്ട് അത് 3.93 ലക്ഷം കോടി വർധിച്ച് ഏകദേശം 5.5 ലക്ഷം കോടിയി

ലെത്തി എന്നതും വസ്തുതയാണ്. ഈ സാഹചര്യത്തിൽ ജനപ്രീതിയില്ലാത്ത, കടുത്ത തീരുമാനങ്ങൾ എടുക്കാൻ പുതിയ സർക്കാർ നിർബന്ധിതമായേക്കും. ചെലവ് നിയന്ത്രണം, നികുതി-വിഭവ പരിഷ്കാരാരങ്ങൾ, ക്ഷേമ പുനസംഘടന ഉൾപ്പടെ ജനകീയ പ്രതിഷേധം ഉയരാൻ സാധ്യതയുള്ള തീരുമാനങ്ങൾ നേരിടാൻ വി.ഡി സതീശൻ പ്രാപ്തനായിരിക്കണം.

തിരഞ്ഞടുപ്പിന് മുമ്പ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കുകയാണ് പരമപ്രധാനമായ കാര്യം. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസിൽ സൗജന്യ യാത്ര, സാമൂഹിക ക്ഷേമ പെൻഷൻ 3000 രൂപയായി വർദ്ധിപ്പിക്കുക, റബ്ബറിന്റെ താങ്ങുവില 300 രൂപയാക്കി ഉയർത്തുക, എല്ലാം കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ്, യുവജനങ്ങൾക്കുള്ള സ്റ്റാർട്ട് അപ്പ് പദ്ധതി തുടങ്ങിയവ ഉൾപ്പെടുന്ന 'ഇന്ദിരാ ഗ്യാരന്റി' നടപ്പാക്കാൻ വലിയ തോതിൽ പണം കണ്ടെത്തേണ്ടിയിരിക്കുന്നു.




കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ ഓരോ പുതിയ മുഖ്യമന്ത്രിയും അധികാരമേൽക്കുമ്പോൾ ജനങ്ങൾ വലിയ പ്രതീക്ഷകളോടെയാണ് നോക്കിക്കാണുന്നത്. ഭരണപരമായ കാര്യക്ഷമതയും സാമൂഹിക നീതിയും വികസന കാഴ്ചപ്പാടും ഒരേ ബിന്ദുവിൽ സംഗമിക്കണം. പ്രതിപക്ഷനേതാവെന്ന നിലയിൽ പിണറായി വിജയൻ ഭരണത്തിനെതിരെ ശക്തമായ വിമർശനങ്ങൾ ഉയർത്തിയ സതീശൻ മുഖ്യമന്ത്രിയായി അധികാരത്തിലേറുമ്പോൾ, ആ വിമർശനങ്ങളെ ഭരണത്തിന്റെ പ്രായോഗികതയിലേയ്ക്ക് മാറ്റണം. ക്ഷേമപദ്ധതികൾക്ക് വലിയ പ്രാധാന്യം നൽകുന്ന സംസ്ഥാനമായതിനാൽ സർക്കാർ ചെലവ് വളരെ കൂടുതലാണ്. പക്ഷേ, വരുമാന സ്രോതസ്സുകൾ പരിമിതവുമാണ്. അതിനാൽ ക്ഷേമപദ്ധതികളെ നിലനിർത്തിക്കൊണ്ട് സാമ്പത്തിക നിയന്ത്രണം ഉറപ്പാക്കുക വലിയ വെല്ലുവിളിയായിരിക്കും.

നികുതി സമാഹരണം ശക്തിപ്പെടുത്തുകയും സ്വകാര്യ നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിൽ തന്നെ നിരവധി യുവാക്കൾ തൊഴിൽ തേടി വിദേശരാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോകുന്ന സാഹചര്യമുണ്ട്. ഐ.ടി., ടൂറിസം, വ്യവസായം, സ്റ്റാർട്ടപ്പ് മേഖലകൾ എന്നിവയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ പുതിയ മുഖ്യമന്ത്രിക്ക് കഴിയണം. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് എളുപ്പമല്ല, കാരണം കേരളത്തിൽ പരിസ്ഥിതി ആശങ്കകളും തൊഴിലാളി പ്രശ്നങ്ങളും രാഷ്ട്രീയ പ്രതിഷേധങ്ങളും പലപ്പോഴും നിക്ഷേപങ്ങൾക്ക് തടസ്സമാകാറുണ്ട്.

ലഹരിമരുന്ന് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ, രാഷ്ട്രീയ അതിക്രമങ്ങൾ എന്നിവ സമൂഹത്തിൽ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ജനങ്ങൾക്ക് സുരക്ഷിതമായ സാമൂഹിക അന്തരീക്ഷം ഉറപ്പാക്കാൻ ശക്തമായ പോലീസ് പരിഷ്കാരങ്ങളും കാര്യക്ഷമമായ നിയമനടപടികളും ആവശ്യമാണ്. ഭരണകൂടത്തിന്റെ വിശ്വാസ്യത നിലനിർത്താൻ അഴിമതി വിരുദ്ധ നിലപാടുകളും സുതാര്യതയും അനിവാര്യമാണ്. ഇങ്ങനെ ആവശ്യങ്ങളും ആവലാതികൾക്കപമൊപ്പം പ്രതീക്ഷകളും വെല്ലുവിളികളും നിറഞ്ഞതായിരിക്കും സതീശന്റെ ഭരണനാളുകൾ. എന്നാൽ ദൃഢനിശ്ചയവും കാര്യക്ഷമതയും പാർട്ടിയുടെയും മുന്നണിയുടെയും ഉപാധികളില്ലാത്ത പിന്തുണയും ഉണ്ടെങ്കിൽ ആ വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിയും.

emalayalee.com


Promise, Through the
Path of Trust
TEAM
PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ഹോളി ഫാമിലി ഹോസ്പിറ്റൽ (ഒഎഒ) റീയൂണിയൻ 2026; ജമൈക്കയിൽ നടന്നത് നാലു ദിവസത്തെ സന്തോഷ സംഗമം




ഹോളി ഫാമിലി ആശുപത്രി (HFH) അലുംനി റീയൂണിയൻ 2026 ജമൈക്കയിലെ മനോഹരമായ Grand Palladium Jamaica Reosrt & Spa, Grand Palladium Lady Hamilton Reosrt & Spa റിസോർട്ടുകളിൽ മേയ് ഒന്നു മുതൽ അഞ്ച് വരെ തീയതികളിൽ ആഘോഷപൂർവ്വം നടന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഹോളി ഫാമിലി ആശുപത്രികളിൽ പഠനം പൂർത്തിയാക്കിയ നിരവധി പൂർവ്വ വിദ്യാർത്ഥികൾ ഒരുമിച്ചുചേർന്നപ്പോൾ അത്







ഓർമ്മകൾ പുതുക്കാനും സൗഹൃദങ്ങൾ വീണ്ടും തളിരിടാനുമുള്ള വേദിയായി. നാല് രാത്രികൾ നീണ്ടുനിന്ന ഈ റീയൂണിയൻ ഓരോരുത്തർക്കും സ്നേഹവും സന്തോഷവും സഹോദര്യവും നിറഞ്ഞ അനുഭവമായി മാറി.

മേയ് ഒന്ന് വെള്ളിയാഴ്ച വൈകുന്നേരം നടന്ന ഐസ് ബ്രേക്കർ പരിപാടിയോടെയാണ് റീയൂണിയന് തുടക്കമായത്. ജമൈക്കൻ പതാകയുടെ നിറങ്ങളെ അനുസ്മരിപ്പിച്ച് അംഗങ്ങൾ എല്ലാവരും മഞ്ഞ, പച്ച, കറുപ്പ് നിറങ്ങളിലുള്ള വസ്ത്രങ്ങളണിഞ്ഞാണ് ആദ്യ ദിവസത്തെ ആഘോഷങ്ങളിൽ പങ്കെടുത്തത്. പഴയ കൂട്ടുകാരെ വർഷങ്ങൾക്കിപ്പുറം കണ്ടുമുട്ടിയ സന്തോഷം എല്ലാവരുടേയും മുഖത്ത് പ്രകടമായിരുന്നു. സംഗീതവും സന്തോഷവും നിറഞ്ഞ ആദ്യ ദിവസത്തെ സായാഹ്നം അടുത്ത ദിവസങ്ങളിലെ ആവേശത്തിനുള്ള തുടക്കമായി.

രണ്ടാം ദിവസം രാവിലെ പ്രശസ്തമായ Seven Mile Beach, Rick's Café എന്നിവിടങ്ങളിലേക്കുള്ള യാത്രയോടെയായിരുന്നു തുടക്കം. ബസിൽ അവിടേക്കുള്ള യാത്രയ്ക്കിടെ ഓരോരുത്തരും പഴയ ഹോസ്റ്റൽ ജീവിതവും അന്നത്തെ രസകരമായ പല അനുഭവങ്ങളും പങ്കുവെച്ചു. ചിരിയും സന്തോഷവും നിറഞ്ഞ യാത്രയിൽ എല്ലാവർക്കും പ്രായം മറന്ന പഴയ വിദ്യാർത്ഥികൾ മാത്രമായി. അന്നേദിവസം ഉച്ചയ്ക്ക് റീയൂണിയന്റെ ഓർമ്മയ്ക്കായി ഗ്രൂപ്പ് ഫോട്ടോയും എടുത്തു. റീയൂണിയൻ കളർ കോഡായ വൈറ്റ്

ഡ്രസ്സിലായിരുന്നു എല്ലാവരും. വൈകുന്നേരം Infinity Bar and Pool Terraceൽ സംഘടിപ്പിച്ച 'All White Party' റീയൂണിയന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി. അന്നേ ദിവസത്തെ മൈക്കേൽ ജാക്സൺ, ബോബ് മാർലി സംഗമങ്ങൾ അവിസ്മരണീയമായി. സംഗീതത്തിന്റെയും സൗഹൃദത്തിന്റെയും മനോഹര സായാഹ്നം എല്ലാവരും ആഘോഷിച്ചു.

മൂന്നാം ദിവസം ഉച്ചതിരിഞ്ഞ് നിരവധി പരിപാടികളാണ് സംഘടിപ്പിച്ചത്. പഴയ നഴ്സിംഗ് കാപ്പിംഗ് സെറിമണിയെ ഓർമ്മിപ്പിക്കുന്നതായിരുന്നു ഓപ്പണിംഗ് ഡാൻസ് വെള്ള വസ്ത്രങ്ങളും നഴ്സിംഗ് ക്യാപ്പുകളും ധരിച്ച് കൈയിൽ വിളക്കുകളുമായി 'Give Me Oil in My Lamp, Keep Me Burning' എന്ന ഗാനത്തിന് ഡാൻസ് ടീം ചുവടു വെച്ചപ്പോൾ അത് ഹൃദയസ്പർശിയായി. അന്നേദിവസത്തെ പ്രധാന ആകർഷണമായിരുന്നു ഈ ഡാൻസ്.

പ്രശസ്തമായ Dunn's River Falls സന്ദർശനമായിരുന്നു നാലാം ദിവസത്തെ പ്രധാന പരിപാടി. ജമൈക്കയുടെ പ്രകൃതി സൗന്ദര്യവും ചരിത്രവും സംസ്കാരവും അടുത്തറിഞ്ഞുകൊണ്ടായിരുന്നു റീയൂണിയന്റെ അവസാന ദിവസം അംഗങ്ങൾ ആഘോഷമാക്കിയത്. വെള്ളച്ചാട്ടങ്ങളും മനോഹര കാഴ്ചകളും ഒരുമിച്ചുള്ള നിമിഷങ്ങളുമെല്ലാം നാലാം ദിവസത്തെ കൂടുതൽ സ്മരണീയമാക്കി. ആഗ്നസ് മാത്യു, തോമസ് തരയിൽ, ഷെർലി നെല്ലാമറ്റം, ജോയ് തട്ടാർക്കുന്നേൽ എന്നിവർ നടത്തിയ കഠിനാധ്വാനമാണ് ഈ റീയൂണിയൻ വിജയകരമായി നടത്താൻ സാധിച്ചതിനു പിന്നിൽ. നൂറിലധികമാളുകൾ റീയൂണിയനിൽ പങ്കെടുത്തു.

വീണ്ടുമൊരു കൂടിക്കാഴ്ചയ്ക്ക് ഊർജ്ജം പകരുന്ന സന്തോഷവും സൗഹൃദവും സ്നേഹവും നിറഞ്ഞ മറക്കാനാവാത്ത ഒരുപിടി ഓർമ്മകളുമായാണ് 2026 ലെ റീയൂണിയൻ കഴിഞ്ഞ് ഓരോരുത്തരും വീടുകളിലേക്ക് മടങ്ങിയത്.



# പുതിയ നേതൃത്വവും പുത്തൻ സ്വപ്നങ്ങളും; എച്ച്എഫ്എച്ച് അലുംനി അസോസിയേഷൻ എക്സിക്യൂട്ടീവ് ടീം സ്ഥാനമേറ്റു




ജമൈക്കയിൽ നടന്ന ഹോളി ഫാമിലി ഹോസ്പിറ്റൽ (HFH) 'അലുംനി റീയൂണിയൻ 2026' അലുംനി അസോസിയേഷന്റെ ഭാവി രൂപപ്പെടുത്തുന്ന നിർണായക ഘട്ടം കൂടിയായിരുന്നു. സൗഹൃദത്തിന്റെയും ഓർമ്മകളുടെയും ആഘോഷങ്ങൾക്കിടെ മൂന്നാം ദിവസം നടന്ന ജനറൽ ബോഡി യോഗത്തിൽ പുതിയ എക്സിക്യൂട്ടീവ് ടീമിനെ തിരഞ്ഞെടുത്തു. യോഗത്തിൽ വിവിധ റിപ്പോർട്ടുകളും ഭാവി പദ്ധതികളും അവതരിപ്പിച്ചു.

പ്രസിഡൻഷ്യൽ അഡ്രസ് – ആഗ്നസ് മാത്യു, ഷേർലി നെല്ലിമറ്റം സെക്രട്ടറി റിപ്പോർട്ട്, ട്രഷറർ റിപ്പോർട്ട് – ജോയി തട്ടാർകുന്നേൽ, നന്ദി–തോമസ് തറയിൽ എന്നിവരായിരുന്നു. 1983–1986 ബാച്ചിലെ ഡെയ്സി ബേബി ആയിരുന്നു പരിപാടിയുടെ അവതാരക.

പ്രസിഡന്റ് – ഷേർലി നെല്ലിമറ്റം (ചിക്കാഗോ), വൈസ് പ്രസിഡന്റ് – മേഴ്സി ബേബി (ന്യൂയോർക്ക്), സെക്രട്ടറി – ബ്രിജിറ്റ് മാത്യു (ഹൂസ്റ്റൺ),

ജോയിന്റ് സെക്രട്ടറി – ലീല ജയചന്ദ്രൻ (ഹൂസ്റ്റൺ), ട്രഷറർ – ജോയി വർക്കി (ഫ്ളോറിഡ), റീയൂണിയൻ ചെയർമാൻ– ഷാജി ചെറിയാൻ (എഡ്മണ്ട്, കാനഡ) എന്നിവരെ പുതിയ എക്സിക്യൂട്ടീവ് ഭാരവാഹികളായി തിരഞ്ഞെടുത്തു.

ആഗോള അലുംനി ബന്ധം ശക്തിപ്പെടുത്തുക, വിവിധ രാജ്യങ്ങളിലുള്ള അലുംനികളെ കൂടുതൽ സജീവമായി ബന്ധിപ്പിക്കുന്ന പദ്ധതികൾ ആരംഭിക്കുക,

ഭാവിയിലെ റീയൂണിയനുകൾ കൂടുതൽ ശക്തമാക്കുക, ജമൈക്ക റീയൂണിയന്റെ വിജയത്തെ തുടർന്നു കൂടുതൽ വിജയകരമായ സംഗമങ്ങൾ സംഘടിപ്പിക്കുക,

എച്ച്എഫ്എച്ച് പാരമ്പര്യം സംരക്ഷിക്കുക, ഹോളി ഫാമിലി ആശുപത്രിയുടെ ചരിത്രവും മൂല്യങ്ങളും പുതിയ തലമുറയിലേക്ക് കൈമാറുക, യുവ അലുംനികളുടെ പങ്കാളിത്തം വർധിപ്പിക്കുക, പുതിയ തലമുറയെ സംഘടനയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തുക, സാമൂഹിക സേവന പദ്ധതികളിലും സഹായ പ്രവർത്തനങ്ങളിലും കൂടുതൽ സജീവമായി ഇടപെടുക തുടങ്ങിയവയാണ് പുതിയ നേതൃത്വം മുന്നോട്ടുവെച്ച പ്രധാന ലക്ഷ്യങ്ങൾ.

പുതിയ നേതൃത്വത്തിന്റെ തിരഞ്ഞെടുപ്പ് എച്ച്എഫ്എച്ച് അലുംനി കൂട്ടായ്മയ്ക്ക് പുതിയ പ്രതീക്ഷയും ഊർജവും നൽകി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾക്കൊള്ളുന്ന ഈ ടീം എച്ച്എഫ്എച്ച് അലുംനി കൂട്ടായ്മയുടെ അന്താരാഷ്ട്ര ഒരുമയെ പ്രതിഫലിപ്പിക്കുന്നു. ജമൈക്ക റീയൂണിയൻ അവസാനിക്കുമ്പോൾ എല്ലാവരുടെയും മനസ്സിൽ നിറഞ്ഞിരുന്നത് സന്തോഷവും വീണ്ടും കണ്ടുമുട്ടാമെന്നുള്ള പ്രതീക്ഷയുമായിരുന്നു.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
DR. AJU OOMMEN
Addi. Asso. Secretary
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# 2026 ലെ ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് രചനകൾ ക്ഷണിക്കുന്നു

ശ്രീകുമാർ ഉണ്ണിത്താൻ




2026 ലെ ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനായി 2022 ജൂലായ് ഒന്നിനും 2026 ജൂൺ 30 നുമിടയ്ക്ക് ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച മൗലിക കൃതികൾ ക്ഷണിക്കുന്നു.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാവിവരണം, ലേഖനം, ഓർമ്മക്കുറിപ്പുകൾ എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ നാല് വർഷത്തിനിടെ പുറത്തിറങ്ങിയ കൃതികൾ വിലയിരുത്തി അവാർഡുകൾ നൽകും. നോർത്ത് അമേരിക്കൻ എഴുത്തുകാരുടെ സമഗ്ര സാഹിത്യ സംഭാവനകൾ പരിഗണിച്ചും പ്രത്യേക പുരസ്കാരങ്ങളും നൽകപ്പെടും.

2026 ആഗസ്റ്റ് 6,7.8,9 തീയതികളിൽ പെൻസിൽവാനിയയിലെ കലഹാരി റിസോർട്ടിൽ അരങ്ങേറുന്ന ഫൊക്കാന കൺവെൻഷനിൽ വെച്ച് അവാർഡുകൾ വിതരണം ചെയ്യും. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അർഹമായ പ്രാധാന്യം നൽകി വിപുലമായ സാഹിത്യസമ്മേളനമാണ് ഫൊക്കാന കൺവെൻഷനിൽ സംഘടിപ്പിക്കുന്നത്.

കേരളത്തിൽ നിന്നുള്ള പ്രമുഖ സാഹിത്യകാരന്മാരും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന എഴുത്തുകാരും സമ്മേളനത്തിൽ പങ്കെടുക്കും. അടൂർ ഗോപാലകൃഷ്ണൻ, കെ. വി. മോഹൻകുമാർ, ജോസ് പനച്ചിപുറം, പി.പി.ജെയിംസ്, ബെന്നി നായരമ്പലം, ഡോ. പ്രമീളാദേവി, ടി. ഡി. രാമകൃഷ്ണൻ തുടങ്ങിയ നിരവധി ചലച്ചിത്ര സാഹിത്യ പ്രതിഭകൾ സമ്മേളനത്തിൽ പങ്കെടുക്കും.

കോരസൺ വർഗീസ് (ചെയർമാൻ), കെ. കെ. ജോൺസൻ (കോ-ചെയർമാൻ), മുരളി ജെ. നായർ (കോ-ചെയർമാൻ) എന്നിവരുടെ നേതൃത്വത്തിൽ ഫൊക്കാന ചുമതലപ്പെടുത്തുന്ന പ്രഗത്ഭരായ എഴുത്തുകാരുടെ സമിതി ആയിരിക്കും അവാർഡിനർഹരായവരെ തീരുമാനിക്കുക.

പുസ്തകത്തിന്റെ രണ്ട് കോപ്പികൾ 2026 ജൂലായ് അഞ്ചിനു മുൻപ് താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ചെയർമാൻ, ഫൊക്കാന സാഹിത്യ പുരസ്കാര സമിതി, 3 Lane Place, Plainview, NY 11803.

# ഫോമാ ഇലക്ഷൻ ജൂലൈ 31-ന്; നോമിനേഷൻ ഫോം ലഭിക്കേണ്ട അവസാന തീയതി ജൂൺ 20




**ബേബി മണക്കുന്നേൽ**
(ഫോമാ നാഷണൽ പ്രസിഡന്റ്)

ഹൂസ്റ്റൺ: പ്രശസ്തമായ 'വിൻധം ഹൂസ്റ്റൺ' ഹോട്ടലിൽ അരങ്ങേറുന്ന ഫോമാ ഫാമിലി കൺവൻഷൻ 2026-ൽ നടത്തുന്ന ഇലക്ഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതായി അറിയിക്കുകയാണ്. കൺവൻഷന്റെ രണ്ടാം ദിവസമായ ജൂലൈ 31-ാം തീയതി രാവിലെ 10 മണിക്കുള്ള ജനറൽ ബോഡി മീറ്റിങ്ങിന് ശേഷമാണ് ഇലക്ഷൻ നടക്കുക. നോട്ടിഫിക്കേഷനും പൊതുതിരഞ്ഞെടുപ്പിനും നാഷണൽ കമ്മിറ്റി ഇലക്ഷനുമുള്ള നോമിനേഷൻ ഫോമുകളും ഫോമായുടെ അംഗസംഘടനകൾക്കും ബന്ധപ്പെട്ട അധികൃതർക്കും ഇതിനോടകം അയച്ചുകൊടുത്തിട്ടുണ്ട്. പൂരിപ്പിച്ച ഔദ്യോഗിക ഫോം, മെമ്പർഷിപ്പ് പുതുക്കൽ, ഡെലിഗേറ്റ് ലിസ്റ്റ് എന്നിവ 2026 ജൂൺ 5-നകം ഫോമാ ജനറൽ സെക്രട്ടറി info@fomaa.org എന്ന ഇമെയിലിലേക്ക് അയച്ചു തരാൻ താത്പര്യപ്പെടുന്നു. ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ ഉണ്ടെങ്കിൽ, പുതുക്കിയ ഫോം 2026 ജൂൺ 15-നകം ലഭിച്ചിരിക്കണം.

അസോസിയേഷൻ മെമ്പർഷിപ്പ് പുതുക്കലുമായി ബന്ധപ്പെട്ട എല്ലാ ഫീസുകളും ഫോമാ ട്രഷറർ സിജിൽ പാലയ്ക്കലോടിക്ക് ഇനിപ്പറയുന്ന വിലാസത്തിൽ ചെക്കായി അയയ്ക്കണം. ചെക്കിന്റെ ഒരു കോപ്പിയും ചേർത്തിരിക്കണം. Cijil Palackalody, 5138 Gold Rush Dr, Folsom, CA 95630. Delegate Form, Association Renewal Form, Nomination Forms എന്നിവ എല്ലായ്പ്പോഴും ഫോമാ വെബ്സൈറ്റിൽ ലഭ്യമാണ്:

https://fomaa.org/sub/fomaa/page/international-convention


തിരഞ്ഞെടുപ്പ് സലംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും/നിയമാവലിയും നോട്ടിഫിക്കേഷൻ ലെറ്ററിൽ ചേർത്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളെക്കുറിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ, തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങളായ മാത്യു ചെരുവിൽ (ചീഫ് ഇലക്ഷൻ കമ്മീഷണർ), ജോർജ് മാത്യു, മാത്യു ജോഷ്വാ (ഇലക്ഷൻ കമ്മീഷണർമാർ) എന്നിവരെ fomaaelection2026@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക. തിരഞ്ഞെടുപ്പ് കാര്യക്ഷമവും നീതിപൂർവവും സുതാര്യവുമാക്കി ഫോമായുടെ ജനാധിപത്യ സ്വഭാവം കാത്തുസൂക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. മെമ്പർഷിപ്പ് പുതുക്കൽ, ഡെലിഗേറ്റ് ലിസ്റ്റ് എന്നിവയുമായി ബന്ധപ്പെട്ട സംശയങ്ങൾ ഉണ്ടെങ്കിൽ, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസിനെ താഴെ കാണുന്ന ഇമെയിൽ വഴി ബന്ധപ്പെടുക.

FOMAA Email: info@fomaa.org
FOMAA Website: https://fomaa.org
FOMAA HutZymKnl WhatsApp {Kq¸v:
https://chat.whatsapp.com/LIP4Hm2K-35PFqeMRsKEpfH

നാമനിർദ്ദേശ പത്രിക 2026 ജൂൺ 20-നകം താഴെ പറയുന്ന വിലാസത്തിലോ ഇമെയിലിലോ സമർപ്പിക്കണം:

Mathews Cheruvil
Chairman, Election Commission
926 Baldwin Drive,
Troy, MI 48098
Email: fomaaelection2026@gmail.com

ഫോമായുടെ എല്ലാ പ്രധാന അപ്ഡേറ്റുകളും ലഭിക്കാൻ ഫോമാ ഔദ്യോഗിക വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ചേരുക:


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires
people to recognize the
existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404



AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal

# ഡിജിറ്റൽ ഒ.സി.ഐ (eOCI) കാർഡ് നിലവിൽ വന്നു




**പന്തളം ബിജു**

ലാസ് വേഗസ്: ഭാരത സർക്കാർ ഓവർസീസ് ഇന്ത്യൻ സിറ്റിസൻസിനായി ഏർപ്പെടുത്തിയിരിക്കുന്ന ലൈഫ് ലോങ്ങ് വിസ ആയ ഓ.സി.ഐ കാർഡ് ഇതുവരെ പാസ്പോർട്ട് ബുക്ക് പോലെയുള്ള ഒരു യാത്രാരേഖ ആയിരുന്നു. ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി ഇനിമുതൽ eOCI എന്ന ഇലക്ട്രോണിക് ഡിജിറ്റൽ രൂപത്തിലേക്ക് മാറുകയാണ്.

എന്താണ് e-OCI അഥവാ ഡിജിറ്റൽ OCI കാർഡ്?

സ്മാർട്ട്ഫോണികളിലെ ആപ്പുകൾ പോലെ ഒരു ആപ്പ്ളിക്കേഷൻ വഴി ഇത് സാധ്യമാക്കാം. ഇപ്പോൾ OCI കൈവശമുള്ളവർക്കും പുതുതായി അപേക്ഷിക്കുന്നവർക്കും ഇത് ബാധകമാണ്. എല്ലാ രേഖകളും കൃത്യമാണെങ്കിൽ ഈ ആപ്പിൽ ഒരു ക്യുആർ (QR) കോഡ് കിട്ടും. വിമാന യാത്രകളുടെ ഭാഗമായി മൊബൈലിൽ ഉപയോഗിക്കുന്ന ഡിജിറ്റൽ ബോർഡിങ്ങ് ബാർകോഡ് സ്കാൻ ചെയ്യുന്നത് പോലെ ഇത് സ്കാൻ ചെയ്യാവുന്നതാണ്. ഇന്ത്യയിലെ വിമാനത്താവളങ്ങളിൽ ഇമിഗ്രേഷൻ ക്ലിയറന്സിനായി കാത്തുനിൽക്കുന്ന സമയവും ഇത് മൂലം ലാഭിക്കാം.

എപ്പോഴാണ് പുതിയ eOCI ലഭ്യമാകുക?

പുതുതായി അപേക്ഷയ്ക്കുന്നവർക്ക് നടപടിക്രമങ്ങൾ പൂർത്തിയായി ശേഷം OCI അപ്രൂവൽ കിട്ടുമ്പോൾ ഓട്ടോമാറ്റിക്കായി eOCI യും സ്മാർട്ട്ഫോണിലെ ആപ്പിൽ ലഭ്യമാകും. ഇന്ത്യയിലേക്കുള്ള ഭാവിയിലെ യാത്രകൾക്കുള്ള രേഖയായി അതിലെ QR കോഡ് മാത്രം മതിയാകും. ബയോമെട്രിക് സ്കാനിംഗ് സംവിധാനങ്ങൾ പുതിയ eOCI ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ കൈവശമുള്ള OCI ബുക്ക് കൊണ്ട് യാത്ര ചെയ്യാനാകുമോ?

തീർച്ചയായും, ഇനി ഒരു പുതിയ അറിയിപ്പുണ്ടാകുന്നത് വരെ OCI ബുക്ക് കൊണ്ട് യാത്ര തുടരാവുന്നതാണ്, എങ്കിലും ഭാരത സർക്കാർ eOCI ഡിജിറ്റൽ QR കോഡിനാണ് മുൻഗണന കൊടുക്കുന്നത്.

OCI സർവീസുകൾക്ക് പല പോർട്ടലുകളുണ്ടോ?

ഉണ്ടായിരുന്നു, എന്നാൽ ഇപ്പോൾ മുതൽ എല്ലാ സർവീസുകൾക്കും ഒരു ഒറ്റ പോർട്ടലിന്റെ കീഴിലാക്കിയിരിക്കുന്നു. പുതിയ രജിസ്ട്രേഷനുകൾ, റീ-ഇഷ്യൂ, രേഖകളുടെ അപ്ഡേറ്റ്സ്, റിനൗൺസിയേഷൻ മുതലായ എല്ലാ സർവീസുകളും ഈ ഒരൊറ്റ പോർട്ടലിൽ സാധ്യമാണ്. ഇനിമുതൽ എല്ലാ രേഖകളും ഈ പോർട്ടലിലൂടെ ഡിജിറ്റലായി സമർപ്പിച്ചാൽ മതിയാകും.

പുതുക്കിയ വിദേശ പാസ്സ്പോർട്ട് കിട്ടിയ ശേഷം OCI പോർട്ടലിലിൽ കൂടി 90 ദിവസങ്ങൾക്കകം അതിന്റെ വിവരങ്ങൾ അപ്ലോഡ് ചെയ്യണം. അതുപോലെ പ്രായപൂർത്തിയാവാത്ത കുട്ടികൾക്കും OCI നിയമങ്ങൾ ബാധകമാണ്. വിദേശ പാസ്സ്പോർട്ട് കിട്ടിയ കുട്ടികൾ 90 ദിവസങ്ങൾക്കകം ഇന്ത്യൻ പാസ്സ്പോർട്ട് സറണ്ടർ ചെയ്തിരിക്കണം. ഇങ്ങനെ ചെയ്യാത്തവർക്ക് യാത്രകൾ മുടങ്ങാനും പിഴ ഒടുക്കേണ്ടതായി വന്നേക്കാം.

പുതിയ OCI കാർഡ് അപേക്ഷകർക്കാണ് eOCI QR കോഡുകൾ ഇപ്പോൾ ലഭ്യമാവുക. നിലവിൽ OCI ബുക്ക്ലെറ്റുകൾ കൈവശമുള്ളവർക്ക് അവ പുതുക്കുമ്പോൾ കോഡ് ലഭ്യമാവും. എല്ലാ സർവീസുകൾക്കും പുതുക്കിയ ഫീസുകളും നിലവിൽ വന്നിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഈ ഓൺലൈൻ OCI പോർട്ടൽ സന്ദർശിക്കുക. https://ociservices.gov.in/onlineOCI/



Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് ഡയോസിസ് കുടുംബ സംഗമം ന്യു ജേഴ്സി ഭദ്രാസന ആസ്ഥാനത്ത് ജൂലൈ 22 – 25




മാത്യുക്കുട്ടി ഈശോ

ന്യൂജേഴ്സി: നോർത്ത് അമേരിക്കൻ മലങ്കര ആർച്ച് ഡയോസിസ് സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ 37-ാമത് കുടുംബ സംഗമവും യുവജന സംഗമവും ജൂലൈ 22 മുതൽ 25 വരെ ന്യൂജേഴ്സി ഓൾഡ് ടാപ്പനിൽ പ്രവർത്തിക്കുന്ന ഭദ്രാസന ആസ്ഥാനത്ത് നടത്തപ്പെടുന്നു. നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ പുതിയ തീരുമാനങ്ങളും ഭാവി പ്രൊജക്കുകളും ആർച്ച് ബിഷപ്പ് അഭിവന്ദ്യ എൽദോ മോർ തീത്തോസ് തിരുമേനി കഴിഞ്ഞ ദിവസം ഭദ്രാസന ആസ്ഥാനത്ത് നടത്തിയ പത്രസമ്മേളനത്തിലൂടെ വിശദീകരിച്ചു. സഭയുടെ ആരാധനാ ക്രമത്തെ (Liturgy) ആസ്പദമാക്കിയുള്ള വിഷയങ്ങളാണ് കുടുംബ സംഗമത്തിന് തീം ആയി എടുക്കുന്നത്. ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഭദ്രാസന ആസ്ഥാനത്ത് ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്റർ നടത്തിയ പത്രസമ്മേളനത്തിലാണ് ആർച്ച് ബിഷപ്പ് മോർ തീത്തോസ് തിരുമേനി കാര്യങ്ങൾ വിശദീകരിച്ചത്.

സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് അഞ്ഞൂറോളം പേർക്ക് സമ്മേളനങ്ങൾ ഒരേസമയം നടത്തുവാൻ സൗകര്യമുള്ള ഭദ്രാസന ആസ്ഥാനത്ത് വച്ച് കുടുംബ സംഗമം ക്രമീകരിക്കുന്നത്. ഒരു വലിയ ചാപ്പൽ, ഒരു ചെറിയ ചാപ്പൽ,

ഒരു വലിയ ഓഡിറ്റോറിയം, അഞ്ചു മിനിഹാളുകൾ, ഡൈനിങ്ങ് ഹാൾ, അടുക്കള, നൂറിലധികം കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള പാർക്കിംഗ് ലോട്ട് മുതലായ വിപുലമായ സൗകര്യങ്ങളുള്ള കെട്ടിട സമുച്ചയമാണ് ഭദ്രാസന ആസ്ഥാനത്ത് ഉള്ളത്. യുവജന പങ്കാളിത്തം ഉറപ്പാക്കൽ, വൈദിക പരിശീലനത്തിനായി ഓൺലൈൻ സെമിനാരി സംവിധാനം, വിപുലമായ ചാരിറ്റി പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്ന വികസന കാഴ്ചപ്പാടുകളാണ് ഭദ്രാസനം മുന്നോട്ട് വെയ്ക്കുന്നത്.



സഭയുടെ ഭാവി യുവജനങ്ങളിലാണെന്ന തിരിച്ചറിവോടെ വിപുലമായ പ്രോഗ്രാമുകളാണ് കുടുംബ സംഗമത്തിൽ വിഭാവനം ചെയ്യുന്നത്. അമേരിക്കയിൽ ജനിച്ചു വളർന്ന യുവ വൈദികരാണ് ഇപ്പോൾ യുവജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. നിലവിൽ 14 യുവ വൈദികരായ ഇടവക വികാരിമാരും മുപ്പതോളം യുവ ശെമ്മാശ്ശന്മാരും ഭദ്രാസനത്തിന് കീഴിൽ സജീവമാണ്. ഇവിടെ ജനിച്ചു വളർന്ന ഇവർക്ക് ഇംഗ്ലീഷിനൊപ്പം മലയാള ഭാഷയിലും നല്ല പ്രാവീണ്യമുണ്ട്. കോൺഫറൻസുകളിലൂടെയും പ്രാദേശിക കൂട്ടായ്മകളിലൂടെയും യുവതലമുറയെ സഭയോട് ചേർത്തുനിർത്താൻ സാധിക്കുന്നുണ്ട്. യുവജനങ്ങൾക്ക് സഭയുമായുള്ള ബന്ധം കൂടുതൽ ഉറപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള വിവിധ പരിപാടികളാണ് കുടുംബ സംഗമത്തിൽ വിഭാവന ചെയ്യുന്നത്. അതിന് നേതൃത്വം നൽകുന്നതിനായി പ്രഗത്ഭരായ വൈദികരും വ്യക്തികളും കുടുംബ സംഗമത്തിൽ പങ്കെടുക്കും. സഭയുടെ പരമോന്നത അദ്ധ്യക്ഷനായ നിയുക്ത കത്തോലിക്കാ ബാവാ ഏറ്റവും അഭിവന്ദ്യ ആബൂൻ മോർ ബസേലിയോസ് ജോസഫ് മെത്രാപ്പോലീത്തായും കുടുംബ സംഗമത്തിൽ പങ്കെടുക്കുന്നതാണ്.

സഭയുടെ വളർച്ച ലക്ഷ്യമിട്ട് ആരംഭിച്ച ഓൺലൈൻ സെമിനാരി മികച്ച വിജയമാണ് കൈവരിക്കുന്നത്. നിലവിൽ കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഈ രണ്ട് വർഷത്തെ കോഴ്സിൽ ഓൺലൈനായി പഠിക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത് വിപുലീകരിച്ച് ഓൺ-ക്യാമ്പസ് പഠന സൗകര്യമൊരുക്കാനും ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഇവിടെ വന്ന് പഠിക്കാനുള്ള അവസരമൊരുക്കാനും പദ്ധതിയുണ്ട്. ദൈവശാസ്ത്രത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ ഫാക്കൽട്ടി അംഗങ്ങളാണ് ഓൺലൈൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്.

മെയ് 16 ശനിയാഴ്ച ഭദ്രാസന ആസ്ഥാനത്ത് ഭദ്രാസനത്തിലെ എല്ലാ പള്ളികളുടെയും സഹകരണത്തോടെ വലിയൊരു ഫുഡ് ഫെസ്റ്റിവൽ ക്രമീകരിക്കുന്നതിന്റെ തിരക്കിലായിരുന്നു ആർച്ച് ബിഷപ്പും കൗൺസിൽ അംഗങ്ങളും. ഭദ്രാസനത്തിന്റെ കീഴിൽ നടത്തുന്ന ഫുഡ് ഫെസ്റ്റിവലുകൾ വലിയ ജനപങ്കാളിത്തത്തോടെയാണ് വിജയിക്കുന്നത്. ഇത്തവണ ഓൺലൈൻ പ്രീ-ഓർഡർ സംവിധാന



ത്തിലൂടെ വിപുലമായ തദ്ദേശീയ മെനുവാണ് ഒരുക്കിയിരിക്കുന്നത്. നാടൻ പൊറോട്ട, ബീഫ്, അങ്കമാലി മാങ്ങാക്കറി, കപ്പ ബിരിയാണി തുടങ്ങി പന്ത്രണ്ടോളം ബൂത്തുകളിലായി ലൈവ് കുക്കിംഗ് അടക്കമുള്ള വിഭവങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രതീക്ഷിക്കുന്ന 40,000 മുതൽ 50,000 വരെ ഡോളറിന്റെ വരുമാനം പൂർണ്ണമായും ചാരിറ്റി പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്.

നാട്ടിലും വിദേശത്തുമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ഭദ്രാസനം നടത്തിവരുന്നത്. മെത്രാപ്പോലീത്തയുടെ 15-ാമത് സ്ഥാനാരോഹണ വാർഷികത്തിൽ നാട്ടിൽ പാവപ്പെട്ടവർക്കായി 15 വീടുകൾ നിർമ്മിച്ച് നൽകിയിരുന്നു. കൂടാതെ പ്രളയബാധിതർക്കും സിറിയയിലെ ആഭ്യന്തര കലാപബാധിതർക്കും വലിയ സാമ്പത്തിക സഹായം എത്തിച്ചിട്ടുണ്ട്. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി സമാഹരിച്ച ഇരുപത്തഞ്ചു ലക്ഷത്തോളം രൂപ, ഗവൺമെന്റ് തലത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ മൂലം നേരിട്ട് നൽകാൻ സാധിച്ചില്ല. അതിനാൽ അവിടുത്തെ പ്രാദേശിക പള്ളികളുടെ സഹായത്തോടെ മറ്റ് ഹൗസിംഗ് പ്രൊജക്ടുകൾക്കായി കൈമാറാൻ കഴിഞ്ഞ ഡെലിഗേറ്റ്സ് മീറ്റിംഗിൽ തീരുമാനിച്ചു.




ഇതിനു പുറമെ പ്രൊബേഷൻ സംവിധാനത്തിലൂടെ 22 വീടുകൾ നിർമ്മിച്ച് നൽകാനും (12 എണ്ണം പുതിയതും 10 എണ്ണം നവീകരണവും) ഭദ്രാസനം ലക്ഷ്യമിടുന്നു. ലോക്കൽ കമ്മ്യൂണിറ്റിയുടെ ഭാഗമായി സാൻഡ്‌വിച്ച് ചലഞ്ച് പോലുള്ള പരിപാടികളിലൂടെ അമേരിക്കയിലും ചാരിറ്റി പ്രവർത്തനങ്ങൾ സജീവമാണ്. കാനഡ ഉൾപ്പെടെ അഞ്ച് റീജിയനുകളായാണ് ഭദ്രാസനത്തിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. ടെക്സാസിലെ ഡാളസ്, ഹൂസ്റ്റൺ തുടങ്ങിയ സ്ഥലങ്ങളിൽ സഭയ്ക്ക് ശക്തമായ സാന്നിധ്യമുണ്ട്.

ഭദ്രാസന സെക്രട്ടറി റവ. ഫാദർ പോൾ തോട്ടയ്ക്കാട്ട്, ജോയിൻറ് സെക്രട്ടറി റവ. ഫാദർ ബ്ലെസ്സൻ കുര്യാക്കോസ്, ഭദ്രാസന ട്രഷറർ സിമി ജോസഫ്, ജോയിൻറ് ട്രഷറർ ബോബി കുര്യാക്കോസ്, ഭദ്രാസന മുൻ സെക്രട്ടറി റവ. ഫാദർ ജെറി, കൗൺസിൽ അംഗങ്ങളായ കോർ എപ്പിസ്കോപ്പ വെരി റവ. ഫാദർ ജോസഫ് സി. ജോസഫ്, റവ. ഫാദർ കുര്യാക്കോസ് പുതുപ്പാടി, അലക്സ് ജോർജ്, ഷെവലിയാർ ജയ്മോൻ സ്കറിയ, റോയി മാത്യു, സാബു സ്കറിയ, ജോയി ഇട്ടൻ എന്നിവരും ഇന്ത്യ പ്രസ് ക്ലബ്ബ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡൻറ് സജി എബ്രഹാം, സെക്രട്ടറി മാത്യുക്കുട്ടി ഈശോ, അംഗങ്ങളായ ഈ-മലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ്, കൈരളി ഡയറക്ടർ ജോസ് കാടാപുറം, 24 ന്യൂസ് കോർഡിനേറ്റർ ബിനു തോമസ്, ഇന്ത്യ പ്രസ് ക്ലബ്ബ് മുൻ നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് എന്നിവരും പത്ര സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA



#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123



pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us